കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പിണറായി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KNR/C7/772/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 03/09/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പിണറായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പിണറായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പിണറായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-7-1,1-12,1-18,1-20,1-23,1-30 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KNR/C7/772/2021 തീയ്യതി: 03/09/2021

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട.ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബീനാകുമാരി .സി.ആർ	ഡെപ്യൂട്ടി ഡയറക്ടർ	12-07-2021	16-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
12-07-2021	28-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഉഷ.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനോഹരൻ.എ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രാജിമ.എ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.പ്രത്യൂഷ്.എസ്, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഗീതമ്മ .പി.കെ	പ്രസിഡന്റ്	01-04-2020	18-11-2020
ശ്രീ .കെ.കെ.രാജീവൻ.	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ.വിനോദ് കുമാർ.എം	സെക്രട്ടറി	01-04-2020	17-08-2020
ശ്രീമതി.കല.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	18-08-2020	11-10-2020
ശ്രീ.ഷിബു കരുൺ.ടി	സെക്രട്ടറി	12-10-2020	08-03-2021
ശ്രീമതി.കല.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-03-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ലീന.എം.കെ	കൃഷി ഓഫീസർ	01-04-2020	20-02-2021
ശ്രീമതി. ബുഷ്റ.ടി.ടി	കൃഷി ഓഫീസർ	21-02-2021	31-03-2021
ഡോ.ശ്രീധർ രാജൻ.ടി	വെറ്ററിനറി സർജ്ജൻ	01-04-2020	31-03-2021
ഡോ.ഷൈന.വി.പി	മെഡിക്കൽ ഓഫീസർ(സി എച്ച് സി)	01-04-2020	31-03-2021
ഡോ.ഡിജോ ജോസ് .എം	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2020	31-03-2021
ശ്രീമതി.സരിത.കെ.വി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	05-11-2020	31-03-2021
ശ്രീമതി.റജി തൂണോളി	വി ഇ ഒ (പിണറായി)	01-04-2020	20-01-2021
ശ്രീ.ഷിബിൻ.ടി	വി ഇ ഒ (പിണറായി)	21-01-2021	31-03-2021
ശ്രീമതി.റസില.ആർ	വി ഇ ഒ (എരുവട്ടി)	01-04-2020	31-03-2021
ശ്രീമതി.സോന.എം.കെ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2020	08-10-2020
ശ്രീമതി. സൂര്യ.ഇ	ഐ സി ഡി എസ് സൂപ്പർവൈസർ	09-10-2020	31-03-2021
ശ്രീമതി.ഷൈന വത്സൻ.പി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2020	31-03-2021

ശ്രീമതി.കല.ബി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി.അശ്വതി.കെ.ടി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	14-02-2021
ശ്രീമതി.പ്രവീണ.കെ.	ഡയറി ഫാം ഇൻസ്ട്രക്ടർ	15-02-2021	31-03-2021

ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങൾ: ശ്രീ.ഷിബു കരുൺ.ടി, (സെക്രട്ടറി),ശ്രീമതി.ഷൈന വത്സൻ.പി, (അസി.എഞ്ചിനീയർ), ശ്രീമതി.ലീന.എം.കെ. (കൃഷി ഓഫീസർ) എന്നിവരെ 19.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തി. ഫിഷറീസ് സബ് ഇൻസ്പെക്ടർ 01.04.2020 മുതൽ 04.11.2020 വരെ ഒഴിവ്.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Lathavani (Audit Officer, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-1
2	വാർഷീക ധനകാര്യ പത്രിക Written By: Lathavani (Audit Officer, On 29-07-2021) Last Updated By: PREETHA.P.V (Computer Assistant, On 17-08-2021)	1-2
3	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല Written By: Lathavani (Audit Officer, On 30-07-2021) Last Updated By: Lathavani (Audit Officer, On 30-07-2021)	1-2-1
4	വിനിയോഗിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല Written By: Lathavani (Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-2-2
5	സാമ്പത്തിക വിശകലനം (റസീറ്റ് &പെയ്മെന്റ് പ്രകാരം) Written By: Lathavani (Audit Officer, On 29-07-2021) Last Updated By: PREETHA.P.V (Computer Assistant, On 17-08-2021)	1-3
6	ഫണ്ട് വിനിയോഗം Written By: Lathavani (Audit Officer, On 31-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 03-09-2021)	1-4
7	പദ്ധതി അവലോകനം Written By: Lathavani (Audit Officer, On 31-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 03-09-2021)	1-5
8	തൊഴിലുറപ്പ് പദ്ധതി Written By: Usha.A (Asst. Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 17-08-2021)	1-6
9	മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി നടത്തിപ്പിലെ അപാകങ്ങൾ Written By: Usha.A (Asst. Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 17-08-2021)	1-6-1
10	ക്ഷേമ പദ്ധതികൾ Written By: PRATHYOOSH S (Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 17-08-2021)	1-7
11	പെൻഷൻ വിതരണത്തിലെ അപാകങ്ങൾ Written By: PRATHYOOSH S (Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-7-1
12	ക്യാഷ് ബാലൻസ് പരിശോധന Written By: PRATHYOOSH S (Auditor, On 30-07-2021) Last Updated By: PRATHYOOSH S (Auditor, On 30-07-2021)	1-8
13	ആഭ്യന്തര നിയന്ത്രണം Written By: Lathavani (Audit Officer, On 31-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-9
14	ഗ്രാമ സഭ Written By: Lathavani (Audit Officer, On 31-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-10
15	കമ്മിറ്റികൾ Written By: Lathavani (Audit Officer, On 31-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-11
16	കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല. Written By: PRATHYOOSH S (Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-12
17	തൊഴിൽ നികുതി അപാകങ്ങൾ	1-13

	Written By: PRATHYOOSH S (Auditor, On 30-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 03-09-2021)	
18	കൺവെൻഷൻ സെന്ററർ ഉദ്ഘാടനം-പത്രപരസ്യത്തിന് നിയമാനുസൃതമുള്ള ഡിസ്ക്കൗണ്ട് ലഭ്യമായിട്ടില്ല. . Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-14
19	ജീവനക്കാരുടെ ആദായനികുതി റിട്ടേൺ സമർപ്പിക്കൽ-പ്രൊഫഷണൽ ചാർജ്ജ് നൽകുന്നത് ചട്ടപ്രകാരമുള്ള നടപടിയല്ല Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-15
20	പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം, ഇന്ധനക്ഷമത എന്നിവ സംബന്ധിച്ച അപാകത Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-16
21	ഐ.കെ.എം ,എസ്.എസ്.എ എന്നിവയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ -ചെലവ് രേഖകൾ പൂർണ്ണമായി വാങ്ങി സൂക്ഷിച്ചുവെക്കേണ്ടതാണ് Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-17
22	പിണറായി കൺവെൻഷൻ സെന്ററിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. തുക 5,07,188/-രൂപ തടസ്സത്തിൽവെക്കുന്നു Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 03-09-2021)	1-18
23	ഇലക്ട്രിക്ക്പോസ്റ്റ്മാറ്റിസ്ഥാപിക്കൽ-പദ്ധതിപൂർത്തീകരണവിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തുക 84,473/- രൂപ തടസ്സത്തിൽ വെക്കുന്നു Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 18-08-2021)	1-19
24	കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം നൽകൽ- സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണവും,പ്രവർത്തനക്ഷമതയും ഉറപ്പ് വരുത്തേണ്ടതാണ് Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-20
25	തേനീച്ച വളർത്തൽ-തേനീച്ചയും കൂടും വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ തുക69,240 തടസ്സപ്പെടുത്തുന്നു Written By: Rajima A.C (Senior Grade Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-21
26	പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും -പട്ടികജാതി കുടുംബങ്ങൾക്ക് മൺചട്ടി വിതരണം 11940/- തടസ്സപ്പെടുത്തുന്നു.. Written By: Rajima A.C (Senior Grade Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-22
27	പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി - ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല തുക 3,40,000രൂപ തടസ്സപ്പെടുത്തുന്നു Written By: Rajima A.C (Senior Grade Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-23
28	ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റ	1-24

	സബ്സിഡി -പദ്ധതി അപാകങ്ങൾ Written By: Rajima A.C (Senior Grade Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	
29	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല Written By: Rajima A.C (Senior Grade Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-25
30	പൊളിച്ചുനീക്കം ചെയ്ത പുനരുപയോഗപ്രദമായ നിർമ്മാണ സാമഗ്രികളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല. Written By: Usha.A (Asst. Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-26
31	ഭിന്നശേഷിക്കാർക്ക് മുചക്ര വാഹനം -രേഖകളുടെ അഭാവത്തിൽ ₹178000 തടസ്സപ്പെടുത്തുന്നു Written By: Usha.A (Asst. Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-27
32	വീട്ടുവളപ്പിൽ മത്സ്യം വളർത്തൽ - പദ്ധതി നിർവ്വഹണ ചെലവ് രേഖകൾ കൃത്യമായി പരിശോധിക്കുന്നില്ല Written By: Lathavani (Audit Officer, On 01-08-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-28
33	അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല Written By: Usha.A (Asst. Audit Officer, On 30-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 03-09-2021)	1-29
34	പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല Written By: Rajima A.C (Senior Grade Auditor, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-30
35	ഹോമിയോപതി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായിട്ടില്ല - തുക 1,49,997/- തടസ്സപ്പെടുത്തുന്നു Written By: Manoharan A V (Senior Grade Auditor, On 28-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-31
36	ദുരിതാശ്വാസ നിധി Written By: Lathavani (Audit Officer, On 01-08-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-32
37	ആസ്തി സംരക്ഷണ പദ്ധതി Written By: Lathavani (Audit Officer, On 01-08-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Lathavani (Audit Officer, On 27-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 31-08-2021)	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Lathavani (Audit Officer, On 25-07-2021) Last Updated By: Pramodan Anchantavida (Computer Assistant, On 03-09-2021)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Lathavani (Audit Officer, On 27-07-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ Written By: Lathavani (Audit Officer, On 27-07-2021) Last Updated By: Lathavani (Audit Officer, On 01-08-2021)	4-4
5	വായ്പ /വായ്പ തിരിച്ചടവ് Written By: Lathavani (Audit Officer, On 30-07-2021) Last Updated By: Lathavani (Audit Officer, On 30-07-2021)	4-5
6	സ്ഥിര നിക്ഷേപം Written By: Lathavani (Audit Officer, On 30-07-2021) Last Updated By: Lathavani (Audit Officer, On 30-07-2021)	4-6
7	ഓഡിറ്റ് റിക്കവറി Written By: Lathavani (Audit Officer, On 30-07-2021) Last Updated By: Lathavani (Audit Officer, On 30-07-2021)	4-7
8	സമാഹൃത ഓഡിറ്റ് Written By: Lathavani (Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 31-08-2021)	4-8
9	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം Written By: Lathavani (Audit Officer, On 30-07-2021) Last Updated By: Lathavani (Audit Officer, On 30-07-2021)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Lathavani (Audit Officer, On 01-08-2021) Last Updated By: PREETHA.P.V (Computer Assistant, On 03-09-2021)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം Written By: Lathavani (Audit Officer, On 30-07-2021) Last Updated By: PREETHA.P.V (Computer Assistant, On 31-08-2021)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	
3	ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	
4	ബാലൻസ് ഷീറ്റ്	

ഭാഗം -1

1-1 ബജറ്റ്

ബജറ്റ്		തീരുമാനം & തീയതി	പുതുക്കിയ ബജറ്റ്	തീരുമാനം & തീയതി
മുന്നിരിപ്പ്	92,38,095.75	1/79/2020 Dt.24.3.2020	92,38,095.75	01/86/2021 Dt.16.2.2021
വരവ്	30,63,13,000		35,47,31,400.00	
ആകെ	31,55,51,095.75		36,39,69,495.75	
ചെലവ്	31,04,02,787		35,58,98,575.00	
നീക്കിയിരിപ്പ്	51,48,308.75		80,70,920.75	

ബജറ്റ് അംഗീകരിക്കുന്നതിനായി വിവിധ ഘടകസ്ഥാപന മേധാവികളിൽ നിന്നും നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകളും അതിനാവശ്യമായ തുകകളും ലഭ്യമാക്കുവാനായി സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരമുള്ള വിവരങ്ങൾ ഘടകസ്ഥാപന മേധാവികൾ സമർപ്പിച്ചിട്ടുണ്ട്. ബജറ്റ് മാന്വലിൽ പാലിച്ചിരിക്കേണ്ട വിധത്തിലുള്ള, സമയക്രമം മേൽ പറഞ്ഞ നടപടികളിൽ പാലിക്കുന്നില്ല. എന്നാൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി കരട് ബജറ്റും (26.2.2020), ഭരണസമിതി അന്തിമ ബജറ്റും കൃത്യസമയത്ത് തന്നെ അംഗീകരിച്ചിട്ടുണ്ട്. പെർഫോർമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ജെന്റർ ബജറ്റിൽ ഗുണഭോക്താക്കളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.

1-2 വാർഷീക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി
31.7.2021	1.7.2021	തിരിച്ചയച്ചിട്ടില്ല

1-2-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

1-2-2 വിനിയോഗിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാനും, ട്രാൻസ്ഫോർമർ സ്ഥാപിക്കാനുമായി കെ എസ് ഇ ബിയ്ക്ക് ഡെപ്പോസിറ്റായി 5,91,661/- രൂപ നൽകിയിട്ടുണ്ട്. സ്ഥാപനം തുക വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുക ബാലൻസ് ഷീറ്റിൽ (B-18 ഷെഡ്യൂളിൽ) ഉൾപ്പെടുത്തിയിട്ടില്ല

1-3 സാമ്പത്തിക വിശകലനം (റസീറ്റ് &പെയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	2,07,94,648.95
വരവ്	7,77,35,760.00
ആകെ	9,85,30,408.95

ചെലവ്	7,20,94,699.00
നീക്കിയിരിപ്പ്	2,64,35,709.95
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	13,40,838

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്	ലാപ്സ്/ നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)		*1,51,28,461	1,51,28,461	1,50,32,601	16,72,660
വികസന ഫണ്ട് (എസ് സി പി)		13,55,000	13,55,000	11,64,405	1,90,595
വികസന ഫണ്ട് (ടി എസ് പി)		1,63,000	1,63,000	1,25,000	38,000
മെയിന്റനൻസ് ഫണ്ട്(റോഡ്)		91,33,000	91,33,000	90,34,889	98,111
മെയിന്റനൻസ് ഫണ്ട് (റോഡിതരം)		**48,63,307	48,63,307	37,58,272	11,54,728
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഫണ്ട്)		59,90,000	59,90,000	20,64,647	39,25,353
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ഫണ്ട്)		1,05,11,807	1,05,11,807	73,86,264	31,25,543
കേന്ദ്രാവിഷ്കൃത വിഹിതം					
ശുചിത്വം	2,56,165	29,150 (പലിശ)	2,85,315	0	2,85,315
ഐസി ഡിഎസ്	2,47,607	12,75,476	15,23,083	13,45,192	1,77,891
എം പി ഫണ്ട്	9,289	0	9,289	0	9,289
സംസ്ഥാനാവിഷ്കൃത വരവുകൾ					
അങ്കണവാടികൾക്ക് സോഷ്യൽ ബോർഡ് സ്ഥാപിക്കൽ		84,000	84,000	0	84,000
ശുചിത്വം	7,95,796	34,79,536	42,75,332	12,21,291	30,54,041
സ്പെസിഫിക് പർപ്പസ് ഗ്രാന്റ്-ശുശ്രാനം, സുവർണജൂബിലി, ഇലക്ഷൻ ഫണ്ട്, ബയോ ഡൈവേർസിറ്റി Etc.	32,064	22,68,932	23,00,996	14,16,091	8,84,905
കോവിഡ് -19 എപ്പിഡെമിക് കൺട്രോൾ – സംഭാവന		30,000	30,000	30,000	0

ഇ എം എസ് ഭവനം	55,000	2,00,000	2,55,000	0	2,55,000
പ്രളയ ദുരിതാശ്വാസ നിധി	22,180	8,350	30,530	0	30,530
സാക്ഷരത	11,623	410	12,033	0	12,033
കേരളോത്സവം	20,000	0	20,000	0	20,000
ദുരിതാശ്വാസ നിധി	53,173	5,336	58,509	50,000	8,509
ഗുണഭോക്തൃ വിഹിതം	17,962	1,09,426	1,27,388	1,09,424	17,964
ആർ എസ് ബി വൈ	23,606	0	23,606	0	23,606

* ജി ഒ പ്രോജക്ടിന് (അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം -₹15,76,800) –അലോട്ട്മെന്റ് നൽകുമ്പോൾ സോഴ്സിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

** ജി ഒ പ്രോജക്ടിന് (വോട്ടിംഗ് മെഷിൻ വാങ്ങൽ- ₹49,693) -അലോട്ട്മെന്റ് നൽകുമ്പോൾ സോഴ്സിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

ഈ വർഷം കൃബില്ലുകളൊന്നും ഉണ്ടായിട്ടില്ല. പ്ലാൻ ഫണ്ട് ഗ്രാന്റിൽ ചെലവഴിക്കാത്ത തുക 1 കോടി , 20 ലക്ഷം ലാപ്സായിട്ടുണ്ട്. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കി ലഭ്യമായ ഗ്രാന്റ് ലാപ്സാകാതെ ശ്രദ്ധിക്കേണ്ടതാണ് . കേന്ദ്ര സർക്കാർ ,സംസ്ഥാന സർക്കാർ ഫണ്ടിൽ വിനിയോഗിക്കാൻ ബാക്കിയുള്ള തുകകൾ വിനിയോഗിക്കാത്ത പക്ഷം അതാത് ഫണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്

തൻവർഷം ഗ്രാന്റ് വിനിയോഗ പത്രികകൾ ഐ.കെ.എം.തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗവിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിന് വിധേയമായി അനുബന്ധം 2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	നടപ്പാക്കിയത് (എണ്ണം)	പൂർത്തിയാക്കിയ പദ്ധതികളുടെ (എണ്ണം)	അടങ്കൽ	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	ചെലവ്	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
199	146	142	10,61,22,994	4	53	4,50,28,364	71.36

ക്രമനം	നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം	അടങ്കൽ	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	ചെലവ്	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
1	സെക്രട്ടറി	43	3,67,35,007	23	61,32,866	53.48
2	അസിസ്റ്റന്റ് സെക്രട്ടറി	11	17,99,800	11	15,74,005	100
3	അസിസ്റ്റന്റ് എഞ്ചിനിയർ	72	3,22,39,979	53	1,86,11,839	73.61
4	കൃഷി ഓഫീസർ	21	43,27,871	19	29,91,606	90.47
5	വി ഇ ഒ	28	1,69,63,590	20	48,62,918	71.43
6	ഐ സി ഡി എസ് സൂപ്പർവൈസർ	11	83,49,609	11	74,97,257	100
7	വെറ്ററിനറി സർജൻ	7	14,77,138	5	6,07,893	71.42
8	ക്ഷീര വികസന ഓഫീസർ	2	20,75,000	2	12,93,654	100

9	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	6,60,000	2	1,11,879	100
10	മെഡിക്കൽ ഓഫീസർ-സി എച്ച് സി	2	6,95,000	1	5,44,447	50
11	മെഡിക്കൽ ഓഫീസർ-ആയുർവേദ	1	8,00,000	1	8,00,000	100
		199	10,61,22,994	148	4,50,28,364	74.37

സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ ജീവനി പദ്ധതി-പച്ചക്കറികൃഷിയ്ക്ക് മൺചട്ടിവിതരണം, കരനെൽകൃഷി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. സുഭിക്ഷകേരള പദ്ധതിയിൽ മരച്ചീനി കൃഷി ചെയ്തിട്ടുണ്ട്. 22 ഗുണഭോക്താക്കൾക്ക് തേനീച്ചയും കൂടും വിതരണം ചെയ്തിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ മിനി ആടു വളർത്തൽ ഫാം പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈ വർഷം പ്രാവർത്തികമാക്കിയിട്ടില്ല. മത്സ്യ ബന്ധന വികസന പദ്ധതികൾ ഈ വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. 4 ഗുണഭോക്താക്കൾക്ക് വീട്ടുവളപ്പിൽ മത്സ്യകൃഷി പദ്ധതിയ്ക്കായി സബ്സിഡി നൽകിയിട്ടുണ്ട്.

ബാല സൗഹൃദ പഞ്ചായത്തിനായി കളരി,കരാട്ടെ,നീന്തൽപരിശീലനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.പട്ടിക ജാതി വിഭാഗങ്ങളിലെ കുട്ടികൾക്കായി സ്കോളർഷിപ്പ് ,പഠനമുറി,പഠനോപകരണങ്ങൾ ,പട്ടിക വർഗ്ഗ കുടുംബത്തിന് പഠന മുറി എന്നിവ നൽകിയിട്ടുണ്ട്

മാലിന്യമുക്ത പഞ്ചായത്തിനായി മിനി എം സി എഫ് ,കളക്ടേഴ്സ് അറ്റ് സ്കൂൾ, പ്ലാസ്റ്റിക്ക് ബോട്ടിൽ ബൂത്ത് എന്നിവ രൂപീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിൽ വരുത്തിയിട്ടില്ല .ശുചിത്വ മിഷൻ പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് ഉപയോഗിച്ച് കക്കൂസ് പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

വനിതാ വികസന ക്ഷേമത്തിനായി സ്ത്രീപദവി പഠനം,ജെൻഡർ റിസോഴ്സ് സെന്റർ ,ജാഗ്രതാ സമിതി ശക്തിപ്പെടുത്തൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്കും, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കും ആവശ്യമായ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. ദുരന്ത നിവാരണ സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങിക്കാൻ പ്രോജക്ട് രൂപീകരിച്ചെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

1-6 തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	തിരിച്ചടവ്	ബാക്കി
തൊഴിലാളികളുടെ കൂലി	-	1,91,82,162	1,91,82,162	1,91,82,162	-	-
അഡ്മിനിസ്ട്രേറ്റീവ് ചെലവ്	339946	1125790	1465736	1457033	6000	2703

1-6-1 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി നടത്തിപ്പിലെ അപാകങ്ങൾ

പഞ്ചായത്ത് പരിധിയിൽ 2612 കുടുംബങ്ങൾ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് കൈപ്പറ്റിയിട്ടുണ്ട്. 987 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും ആകെ 107 പദ്ധതികൾ നടപ്പിലാക്കുകയും അതിൽ 54 എണ്ണം പൂർത്തീകരിക്കുകയും ചെയ്തു. മെറ്റീരിയൽ വർക്കുകൾ 76% നടന്നിട്ടുള്ളത്. ആകെ പദ്ധതി അടങ്കൽ 20166752/- രൂപയിൽ 5051431/- രൂപ മെറ്റീരിയൽ ചെലവ് ആണ്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 358 ആണ്. വ്യക്തിഗത ആസ്തികളായ ആട്ടിൻകൂട്, കാലിതൊഴുത്ത്, കോഴിക്കൂട് എന്നിവ വിവിധ ഗുണഭോക്താക്കൾക്കായി നല്കിയിട്ടുണ്ട്. എന്നാൽ ഇവർ ആട്, പശു, കോഴി എന്നിവ വളർത്തുന്ന കർഷകരാണ് എന്നുള്ള വെറ്റിറിനറി സർജന്റെ സാക്ഷ്യപത്രം, പ്രസ്തുത വ്യക്തിഗതആസ്തികൾ മൃഗങ്ങളുടെ പരിപാലനത്തിനായി തന്നെ ഉപയോഗിക്കും എന്ന് ഓരോ ഗുണഭോക്താവും സെക്രട്ടറിയുമായി ചമച്ച കരാർ എന്നിവ ഇല്ല . അപാകങ്ങൾ പരിഹരിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം

കർഷക തൊഴിലാളി പെൻഷൻ	8085600	522
വാർധക്യകാല പെൻഷൻ	4,13,92,000	3007
വികലാംഗ പെൻഷൻ	57,04,400	378
അവിവാഹിത പെൻഷൻ	57,89,000	375
വിവാഹ ധനസഹായം	2,70,000	9

1-7-1 പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് പിണറായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. (2020 -21 ലെ അപേക്ഷകളിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ)

പേര്	ആധാർ നമ്പർ	പെൻഷണർ ഐഡി	മരണപ്പെട്ട തീയതി	പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ
പ്രസന്ന.പി	620803928500	111490202692	29.6.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു
വിജയൻ.കെ	452746842104	111490202999	30.07.2020	06/2021വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു
കച്ചേരി ദാമു	307320185913	111490203064	05.08.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു
സതി.ടി	850628684488	111490500185	17.08.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.
ദേവി. വി.പി	613451634922	111490600952	10.08.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.
നാരായണി.ടി	668911069523	111490202348	06.09.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.
ഭാസ്കരൻ.കെ.കെ	328439498586	111490201412	18.08.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.
ബാലൻ. സി	526717515532	111490201269	24.09.2020	06/2021 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു.
കാർത്ത്യായനി.	564341323256	111490202052	5.4.2020	06/2021 വരെ

				പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യ.

മുകളിൽ പറഞ്ഞവരുടെ ഡെത്ത് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്ത് സേവനയിൽ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യാത്തതിന്റെ കാരണം രേഖാമൂലം വ്യക്തമാക്കിയിട്ടില്ല.

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ് . അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അധികം നല്കിയ തുക തിരിച്ചടക്കേണ്ടതുമാണ്.

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-)O വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-07-2021 തീയതി 2.10 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5836 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

2020-21 വർഷം കോവിഡ് 19 മഹാമാരി ഭീഷണി നിലനിൽക്കുന്ന സാഹചര്യമായതിനാൽ, ഓഫീസ് മീറ്റിംഗ് പ്രതിമാസം കൂടിയിട്ടില്ല ഈ കാലയളവിൽ (6/2020 To 9/2020) ഓഫീസ് മീറ്റിംഗ് ചേർന്നിട്ടില്ല കോവിഡ് 19 ലോക്ക്ഡൗണിലും, അതിന് ശേഷവും കൃത്യമായി ഓഫീസ് ജോലികൾ ചെയ്യുവാനായി, റൊട്ടേഷൻ അടിസ്ഥാനത്തിൽ ജീവനക്കാർ ഹാജരാകുന്നതിന് ഉത്തരവാക്കിയിട്ടുണ്ട്. ഇൻകംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പൂർണ്ണമല്ല. വസ്തു നികുതി ഇ പേയ്മെന്റായി സ്വീകരിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല ആസ്തി സംരക്ഷണ പദ്ധതികൾ രൂപീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഫ്രണ്ട് ഓഫീസ്, സൂചിക ബാക്ക് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുന്നുണ്ട്. പൂരിപ്പിക്കി പണിത കെട്ടിടങ്ങൾ കണ്ടെത്തി വസ്തു നികുതി പരിഷ്കരിക്കുവാൻ വാർഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം വസ്തു നികുതി പൂരിപ്പിക്കി നിർണ്ണയിക്കാത്ത കെട്ടിടങ്ങൾ സ്ഥാപനത്തിലുണ്ട്. ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. തൊഴിൽ രഹിത വേതനമിനത്തിൽ തുക ചെലവഴിക്കേണ്ടി വന്നിട്ടില്ല എന്നത് അഭിനന്ദനീയമായ കാര്യമാണ്. എന്നാൽ സാമൂഹ്യസുരക്ഷ പെൻഷനറുടെ മരണശേഷവും, പെൻഷനറുടെ അക്കൗണ്ടിലേക്ക് പെൻഷൻ നൽകുവാൻ ഇടയായിട്ടുണ്ട്. ഫയലുകൾ ക്രമമായി സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-10 ഗ്രാമ സഭ

03/2020 മുതൽ കോവിഡ് 19 ലോക്ക്ഡൗൺ സാഹചര്യത്താൽ ഈ വർഷം ആകെ ഒരു തവണയ ഗ്രാമസഭ കൂടിയിട്ടുള്ളൂ. പുതിയ ഭരണ സമിതി 12/2020 ൽ നിലവിൽ വന്നതിനു ശേഷം 7.2.2021 ലാണ് ഗ്രാമസഭ കൂടിയത് . 2020-21 വർഷത്തെ പദ്ധതിയുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, 2020-21 വാർഷിക പദ്ധതി അവലോകനം, 2021-22 വാർഷിക പദ്ധതി രൂപീകരണം എന്നിവയാണ് ഈ ഗ്രാമസഭയുടെ അജണ്ട. ഗ്രാമസഭയിൽ തൃപ്തികരമായ ജനപ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്

1-11 കമ്മിറ്റികൾ

ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പും പുനസംഘടിപ്പിക്കുന്നതിന് 11.1.2021ന് ചേർന്ന ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നം.2/24/2021.) ആസൂത്രണ സമിതി 27.1.21ന് ഒരു യോഗം മാത്രം ചേർന്നാണ് 2020-21 പദ്ധതി ചർച്ച ചെയ്തത് . പൊതുജനങ്ങളിൽ നിന്നും അഭിപ്രായം സ്വരൂപിച്ച് ആയതിന് വിധേയമായി ചർച്ച നടത്തി പദ്ധതികൾ നടപ്പിലാക്കുവാനും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട് .

വികസന സെമിനാർ 1.2.2021 ന് യോഗം ചേർന്നിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്-13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ഈ വർഷം പുന:സംഘടിപ്പിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് 2 തവണ യോഗം ചേർന്ന് പദ്ധതി ചർച്ചകളും തീരുമാനങ്ങളും എടുത്തിട്ടുണ്ട്. മഹാപ്രളയത്തിന്റേയും, പ്രകൃതി ദുരന്തങ്ങളുടേയും പശ്ചാത്തലത്തിൽ രൂപീകരിച്ച ജൈവവൈവിധ്യ വർക്കിംഗ് ഗ്രൂപ്പ് 2020-21 വർഷം 2 തവണ കൂടിയിട്ടുണ്ട്. തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല.

സ്റ്റിയറിംഗ് കമ്മിറ്റി - 24.2.2021 ന് ഒരു തവണ ചേർന്നിട്ടുണ്ട്..

സ്റ്റാൻഡിംഗ് കമ്മിറ്റി - എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റിയും കൃത്യമായി യോഗം ചേർന്ന് വിലയിരുത്തൽ, നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

1-12 കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്ത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

പിണറായി ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധനയിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ്/ കെട്ടിട നം	ഉടമസ്ഥന്റെ പേര്	പെർമിറ്റ്നം.,കാലാവധി	കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം	സഞ്ചയപ്രകാരം നിർണ്ണയിച്ച നികുതി
3/21	വടവതി ചന്ദ്രൻ	BP No.6115/15, 30.11.15 To 29.11.18	59.89m2 (മൂന്നാം നില)	109.56 M2 (താഴത്തെ നില)
13/375 ബി	സുരേന്ദ്രൻ കുറുങ്കര	BP No 6133/15 , 6/11/15 To 5/11/18	85.31m2 (ഒന്നാം നില)	94 M2 (താഴത്തെനില)
6/164	തുവക്കുന്നേൽ വിശാലാക്ഷി	BP No 6247/15, 28/11/15 To 27/11/18	6.17m2 (ഗ്രൗണ്ട് ഫ്ളോർ) 58.78m2 (ഒന്നാം നില)	63.6 M2 (താഴത്തെ നില)
13/366	പുതിയ വീട്ടിൽ ബാലൻ	BP No4561/15, 26/8/15 To 25/8/18	54.87 M2 (ഒന്നാം നില)	78 M2 (താഴത്തെ നില)
12/345 B	മാണിയത്ത് റിജേഷ് കുമാർ	BP No 5541/15, 20/10/15 To 19/10/18	34.84 M2 (ഒന്നാം നില)	72.2m2 (താഴത്തെനില)

ഇപ്രകാരം അധിക നിർമ്മാണത്തിന് പെർമിറ്റെടുത്ത നിരവധി കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ട്. പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ വസ്തു നികുതി പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി അപാകങ്ങൾ

2020-21 കാലയളവിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല .

ക്രമ നമ്പർ	സ്ഥാപന ഉടമയുടെ പേര്	വാർഡ്/ കെട്ടിട നമ്പർ	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
1	സായൂജ്യ സുരേഷ്	5/203	കെയർ ഡെന്റ് ദന്താശുപത്രി	2
2	മഹിജ കെ	5/740	ശാരദ മെഡിക്കൽ ലാബ്	1
3	പ്രേംശാന്ത്	17/165	വെൽ കെയർ മെഡിക്കൽ ലാബ്	2
4	ഡോ. വീണ എസ്.എസ്	5/186	വീ ഡെന്റ് മൾട്ടി സ്പെഷ്യലിറ്റി ക്ലിനിക്	2

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടു കൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

1-14 കൺവെൻഷൻ സെന്റർ ഉദ്ഘാടനം-പത്രപരസ്യത്തിന് നിയമാനുസൃതമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. .

പിണറായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൺവെൻഷൻ സെന്റർ ഉദ്ഘാടനത്തിന് 1,00,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാമെന്ന് സർക്കാർ ഉത്തരവ് (സാധാ) 74/2021/തസ്വഭവ തീയ്യതി 11.1.2021 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം 2020-21 വർഷം വാർഷിക പദ്ധതി രൂപീകരിച്ച് തനത് ഫണ്ടിൽ നിന്ന് 75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിശദാംശങ്ങൾ താഴെ നൽകുന്നു.

പദ്ധതിയുടെ പേര്	കൺവെൻഷൻ സെന്റർ ഉദ്ഘാടനം-പത്രപരസ്യം തുക നൽകൽ
പ്രോജക്ട് നം	258 /20-21
അടങ്കൽ	1,00,000/-/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ്	75,000/- (തനത് ഫണ്ട്)
വൗച്ചർ നം	22001046/31.3.21

3.11.2020 ന്റെ ദേശാഭിമാനി ദിനപത്രത്തിൽ കൺവെൻഷൻ സെന്റർ ഉദ്ഘാടനത്തിന്റെ പരസ്യം 1x1 Sq.Ft. നൽകിയതിന് തനത് ഫണ്ടിൽ നിന്ന് 75,000/- രൂപ ദേശാഭിമാനി പബ്ലിക്കേഷന്റെ ബാങ്ക് ഓഫ് ബറോഡ കണ്ണൂർ ശാഖയിലുള്ള അക്കൗണ്ട് നം 685602000000057 എന്നതിലേക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്.

ദേശഭിമാനി പബ്ലിക്കേഷൻ ഹാജരാക്കിയ ഇൻവോയ്സ് നം.കെ.എൻ.ആർ/20-21/6070 തീയ്യതി 03.11.20 പ്രകാരം 1x1 Sq.Ft. പരസ്യത്തിന് ചെലവ് തുക 1,49,625/- രൂപയാണ്. (1,42,500+ജി.എസ്.ടി 7,125/-). ചെലവ് തുകയുടെ ക്യാഷ് ബിൽ പത്രസ്ഥാപനം ലഭ്യമാക്കാതെ തന്നെ 75,000/- രൂപ സെക്രട്ടറി തനത് ഫണ്ടിൽ നിന്ന് ദേശാഭിമാനിക്ക് നൽകുകയാണുണ്ടായത്. ബാക്കി തുക നൽകിയതിന്റെ വിവരങ്ങളൊന്നും ഫയലിൽലഭ്യമല്ല. .

കൂടാതെ ജി.ഒ (ആർ.ടി) നം 551/15/ഐ.ആന്റ്.പി.ആർ.ഡി തീയ്യതി 20.11.2015 അനുസരിച്ച് സർക്കാർ സ്ഥാപനങ്ങൽക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് ഐ.ആന്റ്. പി.ആർ.ഡി മുഖേന നൽകിയാലും, അവരവർ

നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് പത്രസ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ടതാണ്. എന്നാൽ ദേശാഭിമാനി നൽകിയ ഇൻവോയിസിൽ 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം.19/20-21/26.7.2021 ലഭ്യമാക്കിയ മറുപടിയിൽ ഡിസ്കൗണ്ട് അനുവദിക്കുന്നതിന് ദേശാഭിമാനിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ഇൻവോയ്സ് തുകയിൽ 75,000/- രൂപ മാത്രമേ പഞ്ചായത്ത് നൽകിയിട്ടുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. ഡിസ്കൗണ്ട് കഴിച്ചുള്ള തുക മാത്രം പത്രസ്ഥാപനത്തിന് നല്കുവാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ് .

1-15 ജീവനക്കാരുടെ ആദായനികുതി റിട്ടേൺ സമർപ്പിക്കൽ-പ്രൊഫഷണൽ ചാർജ്ജ് നൽകുന്നത് ചട്ടപ്രകാരമുള്ള നടപടിയല്ല

2020-21 വർഷം ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് പ്രൊഫഷണൽ ചാർജ്ജ് ഉൾപ്പെടെയുള്ള തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

ക്രമ നം.	റിട്ടേൺ ഫയൽ ചെയ്ത സ്ഥാപനം	ആദായ നികുതി റിട്ടേൺ ഫയൽ ചെയ്ത കാലയളവ്	റിട്ടേൺ ഫയൽ ചെയ്യുന്നതിന് ചെലവഴിച്ച പ്രൊഫഷണൽ ചാർജ്ജ്	തുക കൈപ്പറ്റിയ സ്ഥാപനം/ബിൽ നം./ തീയ്യതി
1	ഗ്രാമപഞ്ചായത്ത് പിണറായി	2019-20 Quarter 4	300/- വൗച്ചർനം. 22000790 2.2.2021	ഡാറ്റാ മാനേജ്മെന്റ് സർവ്വീസസ് ഫാഷൻ കോംപ്ലക്സ്,തലശ്ശേരി 4211/17.6.2020
2	ഗ്രാമപഞ്ചായത്ത് പിണറായി	2020-21 Quarter1	300/-വൗച്ചർനം. 22000790 2.2.2021	ഡാറ്റാ മാനേജ്മെന്റ് സർവ്വീസസ് ഫാഷൻ കോംപ്ലക്സ്, തലശ്ശേരി 4313/31.7.20
3	ഗ്രാമപഞ്ചായത്ത് പിണറായി	2020-21 Quarter2	300/-വൗച്ചർനം. 22000790 2.2.2021	ഡാറ്റാ മാനേജ്മെന്റ് സർവ്വീസസ് ഫാഷൻ കോംപ്ലക്സ്, തലശ്ശേരി 4381/12.10.20
4	ഗ്രാമപഞ്ചായത്ത് പിണറായി	2020-21 Quarter 3	300/-വൗച്ചർനം. 22000790 2.2.2021	ഡാറ്റാ മാനേജ്മെന്റ് സർവ്വീസസ് ഫാഷൻ കോംപ്ലക്സ്, തലശ്ശേരി 4465/16.1.2021
		ആകെ	1200/-	

ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുക എന്നത് സ്ഥാപന മേധാവിയുടെ വ്യക്തിപരമായ ഉത്തരവാദിത്വമാണ്. സ്വകാര്യ സ്ഥാപനത്തിന് ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതനുള്ള പ്രൊഫഷണൽ ചാർജ്ജ് തനത് ഫണ്ടിൽ നിന്ന് നൽകിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

ജീവനക്കാരുടെ ആദായ നികുതി റിട്ടേൺ അപ് ലോഡ് ചെയ്യുന്നതിനുള്ള ചെലവ് മാത്രമേ പൊതുഫണ്ടിൽ നിന്ന് ചെലവഴിക്കാൻ പാടുള്ളൂ എന്നിരിക്കെ 1200/- രൂപ പ്രൊഫഷണൽ ചാർജ്ജ് സ്വകാര്യ സ്ഥാപനത്തിന് നൽകിയതിന് മറുപടി നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/20-21/28.7.21ന് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ സാങ്കേതിക പരിജ്ഞാനമില്ലാത്തതിനാലാണ് പുറമേ ഏജൻസിക്ക് തുക നൽകാനിടയായത് എന്നറിയിച്ചിട്ടുണ്ട് .അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം, ഇന്ധനക്ഷമത എന്നിവ സംബന്ധിച്ച അപാകത

പഞ്ചായത്തിന്റെ ഔദ്യാഗിക വാഹനമായ ടാറ്റാ സുമോ വിക്ടർ 2009 ൽ വാങ്ങുകയും 18.7.2019 ൽ മോട്ടോർ വാഹന നിയമ പ്രകാരം രജിസ്ട്രേഷൻ പൂർത്തിയാക്കിയതുമാണ്. വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ K.L.58.B.9729 എന്നതാണ്. വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്ന് ഇതുവരെയായി 2,05,764/- കി.മി വാഹനം ഓടിയിട്ടുണ്ട് എന്ന് വ്യക്തമാവുന്നുണ്ട് .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട 30.6.2007 ലെ സർക്കാർ ഉത്തരവ് 170/07/ത.സ്വ.ഭവ പ്രകാരം താഴെ പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കണം വാഹനങ്ങളുടെ പരിപാലനം നടത്തേണ്ടത്.

1. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക്, ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വാഹനത്തെ സംബന്ധിച്ച് മേൽപറഞ്ഞ രേഖകളിൽ ലോഗ് ബുക്ക് ഒഴികെ മറ്റൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2 വാഹനത്തിന്റെ ഇന്ധന ക്ഷമത സംബന്ധിച്ച് മോട്ടോർ വാഹനവകുപ്പിലെ അർഹതയുള്ള ഉദ്യാഗസ്ഥൻ 6 മാസത്തിലൊരിക്കൽ വാഹനം പരിശോധിച്ച് ഇന്ധന ക്ഷമത കണക്കാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വാഹനത്തെ സംബന്ധിച്ച് മേൽപറഞ്ഞ പരിശോധന നടത്തിയ രേഖകൾ ഹാജരാക്കിയിട്ടില്ല

3) വാഹനങ്ങളിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്.

പഞ്ചായത്തിലെ വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഫുൾ ടാങ്ക് ആക്കാതെ വ്യത്യസ്ത അളവിലാണ് എന്ന് ഇന്ധനചെലവ് രേഖകളിൽ നിന്ന് വ്യക്തമാവുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

വാഹന രജി നം.	ഇന്ധനം നിറച്ച തീ.	ഇന്ധനത്തിന്റെ അളവ്	ഇന്ധനത്തിന്റെ വില	ചെലവ് തുകയുടെ ബിൽ നം.
K.L.58.B.9729	7.4.20	50 Litre	3297 /-	3700/7.4.20
	21.4.20	39 Litre	2571.68	3810/21.4.20
	15.9.20	52.6 1Litre	4039.39	3517/15.9.20
	17.9.20	16 Litre	1225.28	3656/17.9.20

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.33/20-21/28.7.21ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ഐ.കെ.എം ,എസ്.എസ്.എ എന്നിവയ്ക്ക് പഞ്ചായത്ത് വിഹിതം നൽകൽ -ചെലവ് രേഖകൾ പൂർണ്ണമായി വാങ്ങി സൂക്ഷിച്ചുവെക്കേണ്ടതാണ്

പഞ്ചായത്ത് 2020-21 വർഷം ഐ.കെ.എം, എസ്.എസ്.എ. എന്നിവയ്ക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനു വേണ്ടി പദ്ധതി രൂപീകരിച്ച് വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ടങ്കിലും പദ്ധതിയുടെ തുടർപ്രവർത്തനം ഗ്രാമപഞ്ചായത്ത് മോണിറ്റർ ചെയ്യുകയോ, തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

ക്രമനം.1	പ്രോജക്ടിന്റെ പേര്	ഐ.കെ.എം ന് വിഹിതം നൽകൽ
	പ്രോജക്ട് നം	47/2020-21
	അടങ്കൽ	₹75,000/-

		(വികസനഫണ്ട്- 50,000/-
		+തനത്ഫണ്ട്-25,000/-
	നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
	ചെലവ്	₹67,940/-(വികസനഫണ്ട്- 50,000/-+ 17,940/-തനത്ഫണ്ട്-
	ബിൽ നം./ചെക്ക് നം.	30/20-21/24.3.2021 22000980/25.3.2021
ക്രമനം. 2	പ്രോജക്ടിന്റെ പേര്	എസ്.എസ്.എ വിഹിതം നൽകൽ
	പ്രോജക്ട് നം	2/2020-21
	അടങ്കൽ	10,21,262/-വികസനഫണ്ട്
	നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
	ചെലവ്	₹10,21,262/-വികസനഫണ്ട്
	ബിൽനം	18/20-21/13.1.2021

ഐ.കെ.എം ന് വിഹിതം നൽകൽ എന്ന പദ്ധതിക്ക് 67,940/- രൂപയും എസ്.എസ്.എക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്ക് 10,21,262/- രൂപയും 2020-21 സാമ്പത്തിക വർഷം ചെലവ് വന്നിട്ടുണ്ട്. ഈ തുകകൾ നിർവഹണോദ്യോഗസ്ഥനായ സെക്രട്ടറി യഥാക്രമം ഐ.കെ.എം പ്രോജക്ട് ഡയറക്ടറുടെ എസ്.ബി.ഐ അക്കൗണ്ട് നം. 57047023512 എന്നതിലേക്കും, എസ്.എസ്.എ കണ്ണൂർ ജില്ലാ പ്രൊജക്ട് ഓഫീസറുടെ കനറാ ബാങ്ക് അക്കൗണ്ട് നം. 1139101070109 എന്നതിലേക്കും നൽകിയിട്ടുണ്ട്.

തുക ചെലവഴിച്ചതിന്റ ചെലവ് വിവരങ്ങൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നം 17/20-21/ 26.7.2021 ന് ഹാജരാക്കിയ മറുപടിയിൽ എസ്.എസ്.എ വിഹിതം നൽകിയതിന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും 10,21.262/- രൂപ പിണറായി പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏതൊക്കെ ആവശ്യങ്ങൾക്ക് എത്ര രൂപ വീതം ചെലവഴിച്ചു എന്നതിന്റെ വിശദമായ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഐ.കെ.എം.ന് വിഹിതം നൽകിയ 67,940/- രൂപ ചെലവഴിച്ചതിന് ഹാജരാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം തയ്യാറാക്കി വരുന്നതായാണ് അറിയിച്ചത്. എസ്.എസ്.എ വിഹിതം നൽകിയതിന്റെ പൂർണ്ണ ചെലവ് വിവരവും, ഐ.കെ.എം.ന് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രവും അതത് സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

1-18 പിണറായി കൺവെൻഷൻ സെന്ററിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ- ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. തുക 5,07,188/-രൂപ തടസ്സത്തിൽവെക്കുന്നു

2020-21വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പിണറായി കൺവെൻഷൻ സെന്ററിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് 5,07,188/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

പദ്ധതിയുടെ പേര്	പിണറായി കൺവെൻഷൻസെന്ററിൽ ട്രാൻസ്ഫോമർ സ്ഥാപിക്കൽ
പ്രോജക്ട് നം	254 /20-21
അടങ്കൽ	5,07,188/-(വികസനഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ്	5,07,188/-(വികസനഫണ്ട്)
ബിൽനം	27/20 -21 .23.2.21

പദ്ധതിയുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി. പിണറായി സെക്ഷൻ അസി.എഞ്ചിനീയറുടെ നമ്പർ ഡി.ബി04/2020-21/ഇ.എസ്.പി.എൻ.വൈ/എസ്.ഒ.പി/186/ തീയ്യതി 7.12.2020 കത്ത് പ്രകാരം ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി 5,07,188/- രൂപ ചെലവു വരുമെന്ന് ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് . ഇതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി യു.ടി.ആർ നം. U00000085498532 പ്രകാരം കെ.എസ് .ഇ.ബി ക്ക് വികസനഫണ്ടിൽ നിന്ന് 5,07,188/- രൂപ നൽകുകയുമുണ്ടായി. ഇക അനുവദിക്കുന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ1/6328/20 തീയ്യതി 20.2.2021 പ്രകാരം കെ.എസ്.ഇ.ബി.യെ അറിയിച്ചിട്ടുമുണ്ട്. എന്നാൽ ഇക കെ.എസ്.ഇ.ബി ക്ക് നൽകിയെങ്കിലും തുടർ നടപടികളായ കരാർ ഉടമ്പടി ചമയ്ക്കൽ, ട്രാൻസ്ഫോർമർ ഇൻസ്റ്റലേഷൻ, ഫണ്ട് വിനിയോഗം,പദ്ധതി പൂർത്തീകരണം, മോണിറ്ററിംഗ് എന്നിവ നടന്നതായി കാണുന്നില്ല. ഫണ്ട് നൽകിയതിനു ശേഷമുള്ള തുടർപ്രവർത്തനങ്ങൾ നടത്താത്തതിനു മറുപടി നൽകേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 16/20-21/26.7.21 നൽകിയതിന് സെക്രട്ടറി ഹാജരാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുക 5,07,188/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-19 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ-പദ്ധതിപൂർത്തീകരണവിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല -ചെലവ് തുക 84,473/- രൂപ തടസ്സത്തിൽ വെക്കുന്നു

2020-21വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പിണറായി ഗ്രാമപഞ്ചായത്ത്-ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്ക് തനത് ഫണ്ടിൽ നിന്ന് 84,473/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

പദ്ധതിയുടെ പേര്	പിണറായിഗ്രാമപഞ്ചായത്ത്- ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ
പ്രോജക്ട് നം	255 /20-21
അടങ്കൽ	95,903/- (തനത് ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ്	84,473/-(തനത് ഫണ്ട്)
വൗച്ചർ നം	22000978/23.3.2021(36,058/- രൂപ) 22000859/22.2.2021(38,653/- രൂപ) 22000721/21.1.2021 (9403/ -രൂപ) 22001059/31.3.2021(359/-രൂപ)

പദ്ധതിയുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി. പിണറായി സെക്ഷൻ അസി.എഞ്ചിനീയർക്ക് 84,473/- രൂപ നൽകിയെങ്കിലും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഉടമ്പടിചമയ്ക്കൽ, ഇൻസ്റ്റലേഷൻ, ഫണ്ട് വിനിയോഗം, പദ്ധതി പൂർത്തീകരണം, മോണിറ്ററിംഗ് എന്നിവ നടന്നതായി കാണുന്നില്ല. ഫണ്ട് നൽകിയതിനു ശേഷമുള്ള തുടർപ്രവർത്തനങ്ങൾ നടത്താത്തതിനു മറുപടി നൽകേണ്ടതാണന്ന് കാണിച്ച് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി നം. 15/20-21/26.7.21 നൽകിയതിന് ഹാജരാക്കിയ മറുപടിയിൽ അപാകതകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ ചെലവ് തുക 84,473/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-20 കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം നൽകൽ- സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണവും,പ്രവർത്തനക്ഷമതയും ഉറപ്പ് വരുത്തേണ്ടതാണ്

2020-21വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരം നൽകൽ എന്ന പദ്ധതിക്ക് ധനകാര്യകമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്ന് 2,55,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

പദ്ധതിയുടെ പേര്	കേരളാ ജല അതോറിറ്റിക്ക്

	വെള്ളക്കരം നൽകൽ
പ്രോജക്ട് നം.	247 /20-21
അടങ്കൽ	5,00,000/- (ധനകാര്യകമ്മീഷൻ അവാർഡ്)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ്	2,55,500/-
ബിൽ നം	63875/-17/20-21/6.1.21 63875/-23/20-21/30.1.21 63875/-32/20-21/22.3.21 63875/-33/20-21/22.3.21

കേരളാജല അതോറിറ്റി വാട്ടർ ചാർജ്ജ് ഒടുക്കുന്നതിന് പഞ്ചായത്തിന് നൽകിയ ബില്ലിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

വാട്ടർ ചാർജ്ജ് ബിൽനം/ തീയ്യതി	തുക ഒടുക്കാൻ ഡ്യൂ ആയമാസം	1ടാപ്പിന് 5250/-രൂപ എന്ന നിരക്കിൽ 146 ടാപ്പിന് ഒടുക്കേണ്ട തുക	തുക കൈപ്പറ്റിയ ഓഫീസ്
47853/4.1.2021	ഡിസംബർ -20	63875/-	K.W.Aഎക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം, കണ്ണൂർ
48602/1.2.2021	ജനുവരി -21	മുൻബാക്കി-1438 ഫൈൻ- 28 തൻമാസ ഒടുക്ക് – 63875/-	,,
49721/1.3.2021	ഫിബ്രുവരി21 മാർച്ച് -21	മുൻബാക്കി-65341/- പലിശ -1306/- തൻമാസ ഒടുക്ക് – 63875/-	,,

മുകളിൽ കാണിച്ച പട്ടിക പ്രകാരം യഥാസമയം ബിൽ ഒടുക്കാത്തതിന് പിഴ പലിശ ഒടുക്കാൻ കേരള ജല അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം പലിശ സഹിതം വെള്ളക്കരം ഒടുക്കിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതി പ്രകാരം 4 മാസത്തെ വെള്ളക്കരം ഗ്രാമ പഞ്ചായത്ത് കേരളാ ജല അതോറിറ്റി, കണ്ണൂർ ഡബ്ലു.എസ് സെക്ഷന് പ്രൊജക്ട് വെച്ച് നൽകിയെങ്കിലും ഗ്രാമ പഞ്ചായത്തിൽ എത്ര പൊതു ടാപ്പുകൾ ഉണ്ടെന്നും, ഇതിൽ എത്ര എണ്ണം പ്രവർത്തന ക്ഷമമാണെന്നും, എത്ര അളവ് വെള്ളം നൽകുന്നുണ്ടെന്നും പഞ്ചായത്തും കേരളാ ജല അതോറിറ്റിയും സംയുക്തമായി പരിശോധിച്ച് ഉറപ്പ് വരുത്തിയിട്ടില്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 20/21/ 26.7.21 ന് ഹാജരാക്കിയ മറുപടിയിൽ വാട്ടർ ചാർജ്ജ് ഒടുക്കുന്നതിന് ട്രഷറിയിൽ തുക നൽകിയപ്പോൾ ട്രഷറിയിൽ നിന്നുണ്ടായ കാലതാമസമാണ് പിഴപലിശ വരാൻ കാരണമെന്ന മറുപടി തൃപ്തികരമല്ല. പിഴപലിശ വരുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. യഥാസമയം വെള്ളക്കരം ഒടുക്കു വരുത്തുന്നതിന് വീഴ്ചയുണ്ടായതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് പൊതുടാപ്പ് സംബന്ധിച്ച് ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണവും, പ്രവർത്തനക്ഷമതയും ഉറപ്പ് വരുത്തേണ്ടതാണ്.

1-21 തേനീച്ച വളർത്തൽ-തേനീച്ചയും കൂടും വിതരണം -പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ തുക69,240 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ ,പേര്	103/21 -തേനീച്ച വളർത്തൽ-തേനീച്ചയും കൂടും വിതരണം
അടങ്കൽ	വികസന ഫണ്ട് - 69240/- ഗുണഭോക്തൃ വിഹിതം (നേരിട്ട്) -46160/-

ചെലവ്	69,240/-
ബിൽ നമ്പർ, തീയതി , തുക	22/20-21 Dt 31/3/21 – 41544/- രൂപ ചെക്ക് നമ്പർ 1533 Dt 31/3/21 – 27696/-രൂപ

മേൽ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ തേനീച്ച വളർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട് 12 തേനീച്ചയും കൂടുകളും കാസർകോഡ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റിയിൽ നിന്നും വാങ്ങി 12 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് . പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു

1-തേനീച്ച കൂടിന് ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2-മേൽ പ്രോജക്ടിന്റെ വാങ്ങൽ നടപടിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3-തേനീച്ച വളർത്തലിന് ഗുണഭോക്താവിന് പരിശീലനം നൽകണം എന്ന് മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്നുണ്ട് . ഇത് സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 26 തീയതി 26-7-21)തേനീച്ചയും കൂടും അംഗീകൃത ഏജൻസിയിൽ നിന്നാണ് വാങ്ങിയത് എന്നും അംഗീകൃത ഏജൻസി ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.
4-തേനീച്ചയും കൂടുകളും വാങ്ങിച്ച കാസർകോഡ് റൂറൽ ഡെവലപ്മെന്റ് സൊസൈറ്റി അംഗീകൃത ഏജൻസി ആണെന്നതിന്റെ രേഖകൾ സമർപ്പിച്ചിട്ടില്ല.

5-തേനീച്ച കോളനിയുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിൽ താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുന്നു. സ്റ്റിംഗ് ലെസ്സ് ബീ ഹൈവ് കോളനി (2000/- രൂപ), ഇന്ത്യൻ ബീഹൈവ് കോളനി (1200/- രൂപ), ഹണി എക്സ്ട്രാക്ടർ,(4500/-രൂപ), സ്മോക്കർ (450/- രൂപ), ബീ വെയ്ൽ (300/- രൂപ), ബീനൈഫ് (200/-രൂപ), ഹൈവ് സ്റ്റാന്റ് (210/-രൂപ). ഇതിൽ ഏതൊക്കെ ഇനങ്ങൾ എത് നിരക്കിൽ വാങ്ങിയെന്നത് വ്യക്തമല്ല. ബില്ലിൽ യൂണിറ്റ് റേറ്റ് 5,770/- രൂപ വെച്ച് 12 എണ്ണത്തിന്റെ നിരക്ക് മാത്രമാണ് കാണിച്ചിട്ടുള്ളത്. തേനീച്ച വളർത്തലിന് വേണ്ടി വാങ്ങിച്ച ഓരോ ഇനങ്ങളുടെയും റേറ്റ് എന്തെന്നും ആയത് യൂണിറ്റ് കോസ്റ്റിൽ അധികരിച്ചിട്ടില്ല എന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.
മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ തുക 69,240/- തടസ്സപ്പെടുത്തുന്നു.

1-22 പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും -പട്ടികജാതി കുടുംബങ്ങൾക്ക് മൺചട്ടി വിതരണം 11940/- തടസ്സപ്പെടുത്തുന്നു..

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ ,പേര്	95/21 പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും -പട്ടികജാതി കുടുംബങ്ങൾക്ക് മൺചട്ടി വിതരണം (പോട്ടിംഗ് മിശ്രിതം നിറച്ചത്-തൈ സഹിതം)
അടങ്കൽ	വികസന ഫണ്ട് -59100/- ഗുണഭോക്തൃ വിഹിതംസ്ഥാപനത്തിൽ അടക്കുന്നത് -19700/-
ചെലവ്	43780/- രൂപ
ബിൽ നമ്പർ, തീയതി, തുക	17/20-21 Dt 22/3/21 – 32835/- രൂപ ചെക്ക് നമ്പർ 1529 Dt 30/3/21 – 10945/- രൂപ

മേൽ പദ്ധതി പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി പോട്ടിംഗ് മിശ്രിതം നിറച്ച മൺചട്ടി പച്ചക്കറി തൈകൾ സഹിതം 75% സബ്സിഡി നിരക്കിൽ ടെണ്ടർ രീതിയിൽ വാങ്ങി നൽകാനാണ് ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു

ടെണ്ടർ നടത്തിയതിൽ 199/- രൂപയ്ക്ക് 220 ചട്ടികൾ തൈസഹിതം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത പിണറായി അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും വാങ്ങി 22 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ മേൽ

ഗുണഭോക്താക്കളിൽ 16 പേരുടെ അപേക്ഷ ഫോറങ്ങളും, പട്ടികജാതിക്കാരാണ് എന്ന് തെളിയിക്കുന്ന രേഖകളും മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ. മൺചട്ടികൾ 22 പേർക്ക് വിതരണം ചെയ്തിട്ടുണ്ടെങ്കിലും ബാക്കിയുള്ള 6 പേരുടെ അപേക്ഷകളോ, പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖകളോ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്ത രാജേഷ്.കെ.പി, തളികയിൽ മനോഹരൻ, രഞ്ജിത്ത്, നീന, അശോക് ഷാജി.എം.കെ, പ്രബിത എന്നീ ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഹാജരാക്കേണ്ടതാണ്. ആനുകൂല്യം നൽകുന്നതിന് മുമ്പ് ഗുണഭോക്താക്കളുടെ അർഹത ഉറപ്പ് വരുത്തേണ്ടതാണ് .രേഖകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 11,940/- രൂപ തടസ്സപ്പെടുത്തുന്നു.

1-23 പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി - ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല തുക 3,40,000രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രോജക്ട് നമ്പർ ,പേര്	96/21- പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡി
അടങ്കൽ	വികസന ഫണ്ട് 170000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 170000/- മറ്റുള്ളവ 340000/-
ചെലവ്	340000/- രൂപ
ബിൽ നമ്പർ ,തീയതി ,തുക	27/20-21 Dt 31/3/21 – 170000/- രൂപ 28/20-21 Dt 31/3/21 - 170000/- രൂപ

മേൽ പദ്ധതി പ്രകാരം പച്ചക്കറികൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ പിണറായി ടെമ്പിൾ എടക്കടവ് ഹരിത വെജിറ്റബിൾക്ലസ്റ്റർ , പിണറായി വെസ്റ്റ് വെജിറ്റബിൾ ക്ലസ്റ്റർ എന്നിവയിലെ സോപാനം കുടുംബശ്രീ, ഉദയ കുടുംബശ്രീ എന്നിവയുടെ അക്കൗണ്ടിലേക്ക് പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിൽ 340000 രൂപ അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം ഒരുഹെക്ടറിന് പരമാവധി 17000/- രൂപ കൂലിച്ചെലവ് സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഇവിടെ കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സബ്സിഡി നൽകിയത് ക്രമപ്രകാരമാണോ എന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/20-21തീയതി 26-7-21) നൽകിയ മറുപടിയിൽ ക്ലസ്റ്റർ കൺവീനർമാർ സമർപ്പിച്ച ഓരോ ക്ലസ്റ്ററിലും കൃഷി ചെയ്ത കർഷകരുടെ ലിസ്റ്റും കൃഷി സ്ഥലത്തിന്റെ വിസ്തൃതിയും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കർഷകർ കൃഷി ചെയ്ത ഭൂമിയുടെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകളോ പാട്ടകൃഷി നടത്തിയതാണെങ്കിൽ അത് സംബന്ധിച്ച രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കോവിഡ് ലോക്ക്ഡൗൺ നിയന്ത്രണ സമയമായതിനാൽ സ്ഥലത്തിന്റെ രേഖകൾ സമർപ്പിക്കാൻ മിക്ക കർഷകർക്കും സാധിച്ചിട്ടില്ല എന്നും കൃഷി ഭവൻ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി കൃഷി ചെയ്ത വിസ്തൃതി സാക്ഷ്യപ്പെടുത്തിയിരുന്നു എന്നും കൃഷി സ്ഥലത്തിന് ആനുപാതികമായാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ചെലവ് സംബന്ധിച്ച വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 340000/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റ സബ്സിഡി -പദ്ധതി അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ
പ്രോജക്ട് നമ്പർ ,പേര്	102/21 ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന കാലിത്തീറ്റ സബ്സിഡി
അടങ്കൽ	വികസന ഫണ്ട് - 512500/- രൂപ മറ്റുള്ളവ – 512500/- രൂപ
ബിൽ നമ്പർ,തീയതി , തുക	ബിൽ നമ്പർ 2/21 Dt 16/2/21 - 395670/- രൂപ ബിൽ നമ്പർ 4/20-21 Dt.30/3/2021 – 47970/- രൂപ

ചെലവ്	4,43,640/-

മേൽ പദ്ധതി പ്രകാരം പിണറായി ക്ഷീരസഹകരണ സംഘം മുഖേന ക്ഷീരകർഷകർക്ക് 443640/- രൂപയുടെ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്. നവംബർ മുതൽ മാർച്ച് വരെയുള്ള 5 മാസങ്ങളിൽ ക്ഷീര സഹകരണ സംഘം മുഖേന വിതരണം ചെയ്ത കാലിത്തീറ്റക്കാണ് സബ്സിഡി നൽകിയത്. കറവയുള്ള ഒരു പശുവിന് പരമാവധി ഒരുമാസം 100 കിലോ കാലിത്തീറ്റ വിതരണം ചെയ്യണം എന്നും പൊതുവിഭാഗത്തിന് അനുവദനീയമായ സബ്സിഡി 50% മോ പരമാവധി 10000/- രൂപയോ ആയിരിക്കണം എന്നും മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആകെ 5 മാസം മാത്രമാണോ സബ്സിഡി നൽകിയതെന്നും, ബാക്കിയുള്ള മാസങ്ങളിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ടോ എന്നുമുള്ള വിവരം ലഭ്യമായിട്ടില്ല. പദ്ധതിക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാത്തതിനും ഓരോ ഗുണഭോക്താവിനും അർഹമായ സബ്സിഡി അനുവദിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നമ്പർ 30/20-21 തീയതി 27-7-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-25 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജ്ജൻ
പ്രോജക്ട് നമ്പർ ,പേര്	57/21 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ	വികസന ഫണ്ട് – 412500/- രൂപ മറ്റുള്ളവ – 412500/- രൂപ
ബിൽ നമ്പർ ,തീയതി ,തുക	ബിൽ നമ്പർ 3/21 Dt 19/2/21- 412500/- രൂപ
ചെലവ്	412500/- രൂപ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 412500/- രൂപ പിൻവലിച്ച് ഡെപ്യൂട്ടി ഡയറക്ടർ, എസ് എൽ ബി പി, കണ്ണൂർ എന്നവരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമിനത്തിലെ ചെലവ് വിവരം ലഭ്യമല്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 6 തീയതി 20-7-21)ന് നൽകിയ മറുപടിയിൽ 32 മാസത്തേക്ക് എസ് എൽ ബി പി തലശ്ശേരി സർക്കിൾ മുഖാന്തിരം കന്നുകുട്ടി തീറ്റ വിതരണം നടത്തിക്കൊണ്ടിരിക്കുകയാണെന്നും പദ്ധതി പൂർത്തീകരിക്കുമ്പോൾ വിനിയോഗസാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പുദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പദ്ധതിയിൽ നിന്ന് പിന്മാറിയ ഗുണഭോക്താക്കളുണ്ടെങ്കിൽ അവരുടെ വിഹിതം തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ അടുത്ത സാമ്പത്തിക വർഷത്തിലെ എസ് എൽ ബി പി പദ്ധതിയുമായി ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-26 പൊളിച്ചുനീക്കം ചെയ്ത പുനരുപയോഗപ്രദമായ നിർമ്മാണ സാമഗ്രികളുടെ ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ടിന്റെ നമ്പർ/ പേര്	159/20-21 സ്പിൽ ഓവർ (112/19-20) കോഴൂർ ബനിയൻ കമ്പനി അങ്കണവാടിഭീഷണിയിലായ പഴയ കെട്ടിടം പൊളിച്ചു മാറ്റി പുതിയത് നിർമ്മിക്കുന്നു.
അടങ്കൽ	1720000/-
ചെലവ്	1505685/-
കരാറുകാരൻ	പിക്കോസ് (പിണറായി ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റി ലിമിറ്റഡ്)
കരാർ	45/AE/LSGD/PIN/18-19. കരാർ തീയതി ഇല്ല
കരാർ തുക	1698000/-

അളവ് പുസ്തകം	283 ,169/18-19,106/ 19-20, 176/20-21
പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി	28.10.2020
ബിൽ നമ്പർ	52/2020,-2021 , 31.03.2021. 1505685/-

പ്രോജക്ടിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കോഴൂർ ബനിയൻ കമ്പനി അങ്കണവാടിയുടെ ഭീഷണിയിലായ പഴയ കെട്ടിടം പൊളിച്ചു മാറ്റിയിരുന്നു. അങ്കണവാടിയുടെ പുതിയ കെട്ടിടം 28.10.20 ന് പൂർത്തിയാവുകയും ചെയ്തു. .നീക്കം ചെയ്തതും പുനരുപയോഗപ്രദവുമായ സാധന സാമഗ്രികൾ ലേലം ചെയ്യുന്നതിന് 20.2.21 ലെ ഭരണസമിതി തീരുമാന നമ്പർ 11/97/2021 പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. വിശദാംശങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ അളവു ബുക്കിൽ രേഖപ്പെടുത്തുകയും സാധന സാമഗ്രികളുടെ ഏകദേശ മൂല്യം ജി എസ് ടി ഉൾപ്പെടെ ₹57671.32 (48874+ ജി എസ് ടി @ 18%) നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സർവ്വേ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ സാധന സാമഗ്രികൾ ഇതുവരെയായി ലേലം ചെയ്തിട്ടില്ല. ലേല നടപടികൾ സംബന്ധിച്ച നൽകിയ എൻക്വയറിക്ക് (നം.31/27.7.21) സെക്രട്ടറിക്ക് സർവ്വേ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേല നടപടികൾ സ്വീകരിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ലേല നടപടികൾ ത്വരിതപ്പെടുത്തേണ്ടതും ലേലം കൊണ്ട തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ഭിന്നശേഷിക്കാർക്ക് മുചക്ര വാഹനം -രേഖകളുടെ അഭാവത്തിൽ ₹178000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി ഡി.എസ് സൂപ്പർവൈസർ,
പ്രോജക്ട് നം / പേര്	34/2020-2021 ഭിന്നശേഷിക്കാർക്ക് മുചക്ര വാഹന വിതരണം
അടങ്കൽ	150000/- (വികസന ഫണ്ട് (ജനറൽ) 120000/- തനത് ഫണ്ട്
ആകെ	270000/-
ചെലവ്	150000/- (വികസന ഫണ്ട് (ജനറൽ) 28000/- തനത് ഫണ്ട് 178000/-
ബിൽ നമ്പർ,തീയതി	297/ 29.03.21 - ₹150000 ചെക്ക് -0001524 ,25.03.2021 - ₹28000

ഭിന്നശേഷിക്കാരായ 3 വ്യക്തികൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വാങ്ങി സൗജന്യമായി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഒരു യൂണിറ്റിന് 90000/- രൂപയാണ് പദ്ധതിയിൽ തുക വകയിരുത്തിയത്. പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ സ്ഥിര താമസക്കാരനും ലേണർസ് ഡ്രൈവിങ് ലൈസൻസ് ഉള്ള 40% വൈകല്യം ഉള്ള വ്യക്തിക്ക് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വാഹനം നൽകാവുന്നതാണ്. മേൽ ബിൽ പ്രകാരം മാറിയ 178000/- രൂപ ചെലവഴിച്ച് കുറ്റിപ്പുറം കെൽട്രോൺ സറാമിക്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും സൈഡ് വീൽ ഘടിപ്പിച്ച 2 സ്കൂട്ടർ (ഇൻവോയ്സ് നമ്പർ - Mktg/Trd/ 0049/2020-2021 ,9.03.2021) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

അപാകങ്ങൾ ചുവടെ കൊടുക്കുന്നു .

1. ബിനോജ് പി .പി കോടയിൽ വീട് (വാർഡ്1) അനിൽകുമാർ .എൻ , താനിക്കുഴിയിൽ (വാർഡ്-9) എന്നീ ഗുണഭോക്താക്കളുടെ എഗ്രിമെന്റ് അപൂർണ്ണമാണ് .

2. വാഹനം രജിസ്ട്രേഷൻ നടത്തിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല .

3. അനിൽകുമാർ.എൻ എന്ന വ്യക്തിയുടെ ലേണർസ് ഡ്രൈവിങ് ലൈസൻസ് മാത്രമാണ് ഫയലിൽ ഉള്ളത് .

4.സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ലഭിച്ചതായി വെള്ളപ്പേപ്പറിൽ എഴുതി ഒപ്പിട്ടതല്ലാതെ വാഹനം സംബന്ധിച്ച വിശദാംശങ്ങൾ (ടെമ്പററി രജിസ് ട്രേഷൻ നമ്പർ , തരം) രേഖപ്പെടുത്തിയിട്ടില്ല .

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ- 10/2020-2021 , 20.7.21) കോവിഡ് കാരണം വണ്ടി രജിസ് ട്രേഷൻ നടത്തിയിട്ടില്ലായെന്നും ആർ ടി ഒ ഓഫീസിൽ നിന്നും അറിയിപ്പ് ലഭിച്ചാലുടൻ വണ്ടി നേരിട്ട് ഹാജരാക്കി രജിസ്ട്രേഷൻ നടത്തി ആവശ്യമായ രേഖകൾ ഹാജരാക്കാമെന്നും വ്യക്തികൾ അറിയിച്ചതായി മറുപടിയിൽ പറയുന്നു. ഭിന്നശേഷിക്കാർക്കുള്ള ട്രൈസ്കൂട്ടർ ഉപയോഗിക്കുന്നവ്യക്തികൾ Invalid Carriage Vehicle License ഉള്ളവർ ആയിരിക്കണം. അപകടങ്ങൾ ഉണ്ടാകുമ്പോൾ ശരിയായ ലൈസൻസ് ഉള്ളവർക്ക് മാത്രമേ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയുള്ളു. മതിയായ രേഖകൾ ഹാജരാക്കാതെ ആനുകൂല്യം നൽകിയ ₹178000 തടസ്സത്തിൽ വയ്ക്കുന്നു . രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ് .

1-28 വീട്ടുവളപ്പിൽ മത്സ്യം വളർത്തൽ - പദ്ധതി നിർവ്വഹണ ചെലവ് രേഖകൾ കൃത്യമായി പരിശോധിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥ -ഫിഷറീസ് സബ് ഇൻസ്പെക്ടർ

സുഭിക്ഷ കേരളം പദ്ധതിയുടെ ഉദ്യേശലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നതിന് സ.ഉ (സാധാ)നം.1009/2020/തസ്വഭവ തീയതി 29.5.2020 ഉത്തരവ് പ്രകാരം ഫിഷറീസ് മേഖലയിൽ സബ്സിഡി മാനദ്ണ്ഡങ്ങളിൽ പുതുതായി 3ഇനങ്ങൾ കൂട്ടിചേർത്തിട്ടുണ്ട്. അവയിലുള്ളതാണ് താഴെ പറഞ്ഞ പ്രോജക്ടുകൾ.

ക്രമനം . 1	പദ്ധതിയുടെ പേര്	വീട്ടു വളപ്പിൽ ബയോ ഫ്ലോക്ക് (ഗിഫ്റ്റ് തിലോപ്പിയ)
	പ്രോജക്ട് നം	178/21
	അടങ്കൽ	55,200/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) 55,200/- (തനത് ഫണ്ട്) 55,200/- (ജില്ലാപഞ്ചായത്ത്) 2,48,400/- (മറ്റുള്ളവ)
	ചെലവ്	36,800/- (തനത് ഫണ്ട്) 36,800/- (ജില്ലാപഞ്ചായത്ത്)
	ബിൽ നം	22000968 - 20.3.21 – 36,800 22000981 -25.3.21 – 36,800
ക്രമനം . 2	പദ്ധതിയുടെ പേര്	വീട്ടുവളപ്പിൽ മത്സ്യകൃഷി (പടുതാക്കുളം)
	പ്രോജക്ട് നം.	177/21
	അടങ്കൽ	32,800/- (തനത് ഫണ്ട്) 32,800/- (ജില്ലാപഞ്ചായത്ത്) 32,800/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) 1,47,600/- (മറ്റുള്ളവ)
	ചെലവ്	27,206/- (തനത് ഫണ്ട്) 11,703/- (ജില്ലാപഞ്ചായത്ത്)
	വൗച്ചർ നം.	22000982 - 25.2.21 – 11,073/- 22000983- 25.2.21 – 16,133/- 22001075 - 31.3.21 – 11,073/-

ക്രമ നം. 1- ൽ 5.6മീ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2 മീ ഉയരമുള്ളതും, 5മീ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550 ജി എസ് എംകനമുള്ള പിവിസിആവരണം ചെയ്ത എച്ച് ഡി പി ഇ ഷീറ്റ് വിരിച്ച ശേഷം 1,250 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള ഒരു യൂണിറ്റിന് മൊത്തം ചെലവിന്റെ (1,38,000/-) 40% സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയിൽ 2 ഗുണഭോക്താക്കൾക്ക് (ശ്രീമതി.ജസ്ന.പി.വി & ശ്രീ.മധു.ടി.പി) മേൽ പറഞ്ഞ തുക നൽകിയിട്ടുണ്ട്.

ക്രമ നം. 2-ൽ ,80 ച.മീ. വിസ്തീർണ്ണമുള്ള കുളം ,40 സെ മീ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 110 സെ മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ , 125 സെ മീറ്റർ ഉയരത്തിൽ ജലം നിറയ്ക്കൽ, സംരംക്ഷിത വല സ്ഥാപിച്ച് 1000 മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള ഒരു യൂണിറ്റിന് മൊത്തം ചെലവിന്റെ (1,23,000/-) 40% സബ്സിഡി നൽകുന്നതിനുള്ള പദ്ധതിയിൽ 2 ഗുണഭോക്താക്കൾക്ക് (ശ്രീ.വിജിത്ത്.കെ.പി & ശ്രീ.സഞ്ജീവ് കുമാർ.പി.കെ) മേൽ പറഞ്ഞ തുക നൽകിയിട്ടുണ്ട്.

മധു.ടി.പി എന്ന ഗുണഭോക്താവ് ഹാജരാക്കിയ വൗച്ചറിൽ (നം.1) ൽ കുളം നിർമ്മിച്ചതിനാണ് തുക നൽകിയിരിക്കുന്നതായി കണ്ടത്. എന്നാൽ പദ്ധതി പ്രകാരം ടാങ്കാണ് നിർമ്മിക്കേണ്ടത്. കുളമാണോ, ടാങ്കാണോ ഉണ്ടാക്കിയത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പടുതായി കുളത്തിന്റെ അളവ്, നിർമ്മിച്ചവരോ, നിർവ്വഹണ ഉദ്യോഗസ്ഥയോ വ്യക്തമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ഹാജരാക്കുന്ന വൗച്ചറിൽ തുക കൈപ്പറ്റിയാളുടെ ഒപ്പോ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ സാക്ഷ്യപ്പെടുത്തലോ ഇല്ല ഗുണഭോക്താവ്, നിർവ്വഹണ ഉദ്യോഗസ്ഥയുമായി വച്ച കരാറിൽ രേഖപ്പെടുത്തൽ ഒന്നുമില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് എൻക്വയറി (നം. 3&4 തീയതി 20.7.2021) മറുപടിയായി മധു.ടി.പി എന്ന ഗുണഭോക്താവ് ഉണ്ടാക്കിയത് കുളമല്ല, ടാങ്കാണ് എന്നും, ആയത് തെറ്റ് തിരുത്തിയും, പൂർണ്ണമായി രേഖപ്പെടുത്തിയ കരാറും, പടുതായി കുളത്തിന്റെ അളവും, സാക്ഷ്യപ്പെടുത്താത്ത ചെലവ് വൗച്ചറുകൾ സാക്ഷ്യപ്പെടുത്തിയും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയിട്ടുണ്ട്. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥ തന്നെ കൺവീനറായ മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണ വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥ രേഖകൾ കൃത്യമായി പരിശോധിക്കുന്നില്ല എന്നാണ് മേൽ പരാമർശിച്ച അപാകങ്ങളിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി നിർവ്വഹണ വേളയിൽ രേഖകൾ കൃത്യമായി പരിശോധിക്കേണ്ടതും, വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി തന്നെ പദ്ധതി മോണിറ്റർ ചെയ്യേണ്ടതുമാണ് .

1-29 അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി ഡി.എസ് സൂപ്പർവൈസർ,
പ്രോജക്ട് നം / പേര്	125/20 -21അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (സ്പിൽ ഓവർ)
അടങ്കൽ	7706 (തനത് ഫണ്ട്) 151500 (മെയിന്റനൻസ് ഫണ്ട്(റോഡിതരം) 159206
ചെലവ്	159109
ബിൽ നമ്പർ,തീയതി	1/2020-2021,21.04.2020 ₹ 64403 2/2020-2021,21.04.2020 ₹87000 ചെക്ക് നമ്പർ -0001065,22.12.2020 ₹7706

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ 'അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ' പദ്ധതി പ്രകാരം 43103 / - രൂപ ചെലവഴിച്ച് കയർഫെഡിൽ നിന്നും 16.01.2020 ലെ 812/00691 നമ്പർ ഇൻവോയ്സ് പ്രകാരം 59 Baby Mattress (@ 937 / യൂനിറ്റ്+GST) , സിഡ്കോവിൽ നിന്ന് 94706 / രൂപയ്ക്ക് എസ് എസ് ഏങ്കിൾ റാക്ക് -13 എണ്ണം ,സ്റ്റീൽ ക്യാബിനറ്റ് - 1 എണ്ണം , സ്റ്റീൽ മേശ- 2 എണ്ണം എന്നിവ വാങ്ങിയിട്ടുണ്ട് . പദ്ധതിയുടെ ഭാഗമായി സാധനങ്ങളുടെ അവശ്യകത നിർണ്ണയിച്ചത് , വിതരണം ചെയ്തത് , നാളിതുവരെ അങ്കണവാടികൾക്ക് വിതരണം ചെയ്തതായിട്ടുള്ള വസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സംബന്ധിച്ച് 19.7.2021 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ- 2/20.7.21) ലഭിച്ച മറുപടിയിൽ വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശ

പ്രകാരമാണ് സാധനങ്ങൾ വാങ്ങിയതെന്ന് അറിയിച്ചിട്ടുണ്ട് . സിഡ്കോവിൽ നിന്ന് 2 സ്റ്റീൽ മേശയാണ് വാങ്ങിയിരിക്കുന്നത് .എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച മറുപടിയിൽ (സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ-132) 3 എണ്ണം സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട് . രജിസ്റ്ററിൽ ചേർക്കുമ്പോൾ വന്ന തെറ്റാണെന്നും ഐ.സി ഡി.എസ് സൂപ്പർവൈസർ അറിയിക്കുകയുണ്ടായി . സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് . എന്നാൽ നാളിതുവരെ അങ്കണവാടികൾക്ക് വിതരണം ചെയ്തതായിട്ടുള്ള വസ്തുക്കളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. ഓരോ വർഷത്തേക്കും ഓരോ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്ന രീതി മാറ്റി, എല്ലാ അങ്കണവാടികളിലും നിലവിൽ ഉള്ള ഫർണിച്ചർ, അനുബന്ധ ഉപകരണങ്ങൾ എന്തെല്ലാമെന്ന് പരിശോധിക്കുവാൻ പറ്റുന്ന രീതിയിലുള്ള സമഗ്ര സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

1-30 പട്ടികജാതി കുടുംബങ്ങൾക്ക് സൗരറാന്തൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നമ്പർ ,പേര്	22/21പട്ടികജാതി കുടുബങ്ങൾക്ക് സൗരറാന്തൽ
അടങ്കൽ	വികസന ഫണ്ട് (എസ് എസ് പി) – 31500/- ഗുണഭോക്തൃ വിഹിതം - 3500/-
ബിൽ നമ്പർ ,തീയതി ,തുക	9/20-21 Dt 10/2/2021 -31500/- രൂപ ചെക്ക് നമ്പർ 1323 Dt 11/2/2021 -3500/- രൂപ
ചെലവ്	35,000/- രൂപ

മേൽ പദ്ധതി പ്രകാരം പട്ടികജാതിയിൽ പെട്ട 10 കുടുംബങ്ങൾക്ക് സൗരറാന്തൽ വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 3500/- രൂപയ്ക്ക് 10 സൗരറാന്തൽ വാങ്ങി 10 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സബ്സിഡി നൽകുന്നതിൽ നിയന്ത്രണം എന്ന ഖണ്ഡികയിൽ സൗരറാന്തൽ (വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്,സി, എസ് ടി വിഭാഗത്തിലെ വീടുകൾക്ക് ഒഴികെ) വാങ്ങുന്നതിന് സബ്സിഡി നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞടുക്കുമ്പോൾ നിലവിൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത കുടുംബങ്ങൾ ആണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/20-21 തീയതി 20-7-21) പട്ടികജാതി ഗ്രാമസഭ വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ആവശ്യപ്പെട്ട ഈ പദ്ധതി പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ പ്രോത്സാഹിപ്പിക്കുക, വൈദ്യുതി മിച്ചം പിടിക്കുക എന്നീ സദുദ്ദേശത്തോടെയാണ് പദ്ധതി നടപ്പാക്കിയത് എന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതിക്കാരാണ് ഗുണഭോക്താക്കൾ എന്നുമാണ് മറുപടിനൽകിയത്. മാർഗ്ഗരേഖയിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് മാത്രമേ സൗരറാന്തൽ വിതരണം ചെയ്യാവൂ എന്ന് വ്യവസ്ഥചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മേൽ മാനദണ്ഡം പാലിക്കാതിരുന്നത് ശരിയായ നടപടിയല്ല. പദ്ധതി നിർവ്വഹണം ചെയ്യുമ്പോൾ മാർഗ്ഗരേഖയിലെവ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 ഹോമിയോപതി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായിട്ടില്ല – തുക 1,49,997/- തടസ്സപ്പെട്ടുന്നു

പഞ്ചായത്തിലെ ഹോമിയോപതി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഫണ്ട് നോൺ റോഡ് എന്ന ഹെഡിൽ നിന്നും 2020 -21 വർഷം 1,49,997/- രൂപ ചെലവഴിച്ചിട്ടുണ്ട് .വിശദാംശങ്ങൾ താഴെ നൽകുന്നു.

പ്രോജക്ടിന്റെ പേര്	ഹോമിയോപതി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ
പ്രോജക്ട് നം	53/20-21
അടങ്കൽ	1,50,000/-മെയിന്റനൻസ് ഫണ്ട് നോൺ റോഡ്
ചെലവ്	1,49,997/-
ബിൽ നം	30/22.3.2021
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മരുന്ന് ലഭ്യമാക്കുന്നതിനായി 22.3.2021 ന് നിർവ്വഹണോദ്യോഗസ്ഥനായ പഞ്ചായത്ത് സെക്രട്ടറി കേരളാ സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി,ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ എസ്.ബി.ഐ അക്കൗണ്ട് നം 34304403911 എന്നതിലേക്ക് 1,49,997/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതിന്റെ ക്യാഷ് ബിൽ, സ്റ്റോക്ക്,വിതരണം എന്നിവ സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 34/20-21/28.7.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അതിനാൽ തുക 1,49,997/- തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-32 ദുരിതാശ്വാസ നിധി

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിച്ച നിധിയാണ് ദുരിതാശ്വാസ നിധി (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ. പിണറായി സർവ്വീസ് സഹകരണ ബാങ്കിലാണ് നിധിയുടെ ഇടപാടുകൾ നടത്തുന്നത്.

ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗം താഴെ കൊടുക്കുന്നു.

വർഷം	മുന്നിരിപ്പ്	വരവ്	ചെലവ്
2019-20	56,121	2052	5,000
2020-21	53,173	5,336	50,000

മേൽചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം (2) പ്രകാരം ദുരിതാശ്വാസ നിധിയ്ക്ക് പ്രസിഡണ്ടും, സെക്രട്ടറിയും, ഗ്രാമപഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടുന്ന സബ്കമ്മിറ്റി രൂപീകരിക്കണമെന്നും പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡണ്ടും,കൺവീനർ സെക്രട്ടറിയുംആയിരിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. തൻ വർഷം രണ്ട് യോഗം ചേർന്നിട്ടുണ്ട്. ധനസഹായം നൽകാൻ തീരുമാനിക്കുന്നതിന് മുൻപ് അപേക്ഷകന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭിക്കാവുന്ന ധനസഹായത്തെക്കുറിച്ച് പരിഗണിക്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള നടപടികളെടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

പേമാരി, പ്രളയം, പ്രകൃതിക്ഷോഭങ്ങൾ തുടങ്ങി മറ്റ് ദുരിതങ്ങൾ അനുഭവിക്കുന്നവർക്കും ധനസഹായം നൽകാമെന്നുണ്ടെങ്കിലും പിണറായി പഞ്ചായത്തിൽ മാറാരോഗത്താൽ കഷ്ടപ്പെടുന്നവർക്ക് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. ചട്ടം 7 പ്രകാരം നിധിയിലേയ്ക്ക് സംഭാവന നൽകിയവരുടേയും, അപേക്ഷിച്ചവരുടേയും, ധനസഹായം ലഭിച്ചവരുടേയും പേര് വിവരങ്ങളും കണക്കുകളും യഥാസമയം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ഗ്രാമ സഭകളിൽ അറിയിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭകളിൽ അറിയിച്ചിട്ടില്ല. ഭാവിയിൽ ധനസഹായം അനുവദിക്കുമ്പോൾ ഗ്രാമസഭകളിൽ പേര് വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-33 ആസ്തി സംരക്ഷണ പദ്ധതി

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം 11/2018 ത സ്വ ഭവ തീയതി 29.1.2018 ഖ-6-7 ൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്,റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആസ്തി സംരക്ഷണ പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുൻപ് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കണമെന്നും, യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിയ്ക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ കമ്മിറ്റി മിനുട്ട്സ്, പദ്ധതിയുടെ വിശദ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല .

റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കാനും ഘടക സ്ഥാപനങ്ങളുടെ അറ്റകുറ്റപണിയ്ക്കും ആശുപത്രി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2019-20 വർഷം റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ആസ്തികളുടെ സംരക്ഷണത്തിനായി താഴെ കാണും പ്രകാരം 27,57,161/- ചെലവഴിച്ചിട്ടുണ്ട്. ആസ്തികളുടെ സംരക്ഷണ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു (ചെലവ് പത്രിക പ്രകാരമുള്ളത്).

പ്രോജക്ട്.	തുക
കൃഷി ഭവൻ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ	- 70,000/-
മൃഗാശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ	- 61,572/-
അങ്കണവാടി ശിശുസൗഹൃദ പെയിന്റിംഗ്	- 1,73,954/-
അങ്കണവാടി കളിക്കോപ്പ്	- 1,49,640/-
അങ്കണവാടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ	-1,51,403/-
അങ്കണവാടി വൈദ്യുതീകരണം	- 59,647/-
ഐ സി ഡി പി സബ് സെന്റർ പുനരുദ്ധാരണം	- 50,000/-
അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ	-1,33,000/-
കൃഷി ഭവൻ അറ്റകുറ്റപണി	– 1,03,602/-
5 അങ്കണവാടികളുടെ പുനരുദ്ധാരണം	– 18,04,343/-

റോഡിതര ഫണ്ടിന്റെ അടങ്കൽ ലഭിച്ചതിന്റെ 56.69 % തുക ആസ്തിസംരക്ഷണ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട് . അങ്കണവാടി പുനരുദ്ധാരണത്തിനായി രൂപീകരിച്ച 4 പദ്ധതികളും, കൃഷി ഭവനിലേക്ക് ലാപ്പ്ടോപ്പ് ,പ്രിന്റർ മുതലായവ വാങ്ങൽ, വെറ്റിനറി സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല .ഇതിന് വേണ്ടി ലഭിച്ച ഫണ്ട് ലാപ്സായി. സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് അനുയോജ്യമായ പദ്ധതികൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുവാനും ആയത് നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ് . ആസ്തി രജിസ്റ്റർ കാലികമാക്കി ഈ ലക്ഷ്യം കൈവരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം].

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ &തീയതി
2020-21	22.7.2021,23.7.2021	നം.കെ.എസ്.എ/ കെ.എൻ.ആർ/ സി.7/772/2021.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
[illegible]			1,00,000	

ജില്ലാ പഞ്ചായത്ത്	1,00,000	പാലിന് ഉത്പാദന ബോണസ്	1,00,000	
	3,75,000	ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പ്	3,75,000	
		ആശ്രയ പദ്ധതി	2,000	
	36,800	വീട്ടുവളപ്പിൽ ബയോഫ്ലോക്ക് ഫിഷ് ഫാമിംഗ്	36,800	
	11,073	വീട്ടുവളപ്പിൽ മത്സ്യകൃഷി	11,073	
	5,22,873		5,24,873	
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	1,70,000	നെൽകൃഷി വികസനം	1,70,000	
	3,09,700	ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പ്	3,09,700	
	1,50,014	പാലിന് സബ്സിഡി	1,50,014	
	74,447	സ്വാന്തന പരിചരണ പദ്ധതി	74,447	
	5,100	ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പ്	5,100	
		ആശ്രയ പദ്ധതി	2,000	
	20,000	വിശപ്പുരഹിത ജനകീയ ഹോട്ടൽ	20,000	
	80,000	ലൈഫ് ഭവന പദ്ധതി	80,000	
	1,70,000	പച്ചക്കറി കൃഷി വികസന പദ്ധതി	1,70,000	
	9,79261		9,81,261	

ആശ്രയ പദ്ധതി -തുക 2,000/- ചെലവഴിച്ചത് മുന്നിരിപ്പിൽ നിന്നാണ്.

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം / ചെക്ക് നം	മുൻകൂർ നൽകിയ തുക	വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവായതുക	ബാക്കിയുള്ള തുക
കെ എസ് ഇ ബി	പിണറായി കൺവെൻഷൻ സെന്ററിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	ബിൽ നം 27/ തീയതി 23.2.20201	5,07,188	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	
കെ എസ് ഇ ബി	പിണറായി ഗ്രാമ പഞ്ചായത്ത് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	വൗച്ചർ നം 22000978 -തീയതി 23.3.21	84,473		

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

കൺവെൻഷൻ സെന്ററിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി ,എസ്റ്റിമേറ്റിന്റെ 20% തുക 24,07,284 ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയ്ക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകുന്നതിനായി (സർക്കാർ ഉത്തരവ് (സാധാ) നം 244/2021 ത സ്വ ഭ വ തീയതി29.1.2021) ഉത്തരവാകുകയും ,4515-00-800-94 എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുക ലഭിച്ചിട്ടുണ്ടെങ്കിലും സൊസൈറ്റിയ്ക്ക് ഈ വർഷം നൽകിയിട്ടില്ല .തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	20,000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	20,000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	20,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്)	തുക
മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് (ഷെയർ)	20,000

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2011-12	3-5	2014-15	27/26.6.2014	2011-12,2012-13 പ്രോജക്ട് 23/11-12 കേരളോത്സവം ക്ലബുകൾക്ക് സ്പോർട്ട്സ്ഉപകരണങ്ങൾ വാങ്ങിയത് വ്യാജ വൗച്ചർ നിർമ്മിച്ച് സമർപ്പിച്ചത്	നിലനിൽക്കുന്നു

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	7,77,35,760
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	7,20,94,699
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല

ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	13,40,838

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	പേരും ഉദ്യോഗപ്പേരും
1-18	5,07,188	ശ്രീ.ഷിബു കരുൺ (സെക്രട്ടറി)
1-19	36,417 48,056	ശ്രീമതി.കല.ബി (സെക്രട്ടറി ഇൻ ചാർജ്) ശ്രീ.ഷിബു കരുൺ (സെക്രട്ടറി)
1-21	69,240	ശ്രീമതി.ബുഷ്റ.ടി.ടി(കൃഷി ഓഫീസർ)
1-22	11,940	ശ്രീമതി.ബുഷ്റ.ടി.ടി(കൃഷി ഓഫീസർ)
1-23	3,40,000	ശ്രീമതി.ബുഷ്റ.ടി.ടി(കൃഷി ഓഫീസർ)
1-27	1,78,000	ശ്രീമതി. സൂര്യ.ഇ (ഐ സി ഡി എസ് സൂപ്പർവൈസർ)
1-31	1,49,997	ശ്രീ.ഷിബു കരുൺ (സെക്രട്ടറി)

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേര്	ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
ശ്രീ.ഷിബു കരുൺ	സെക്രട്ടറി ചിറക്കൽ ഗ്രാമ പഞ്ചായത്ത്	കരുണാകര മാടായി (പി ഒ)
ശ്രീമതി.കല.ബി	അസിസ്റ്റന്റ് സെക്രട്ടറി, പിണറായി ഗ്രാമ പഞ്ചായത്ത്	സരിഗമ പാറാൽ തലശ്ശേരി
ശ്രീമതി.ബുഷ്റ.ടി.ടി. (കൃഷി ഓഫീസർ)	കൃഷി ഓഫീസർ മൊബൈൽ സോയിൽ ടെസ്റ്റിംഗ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ.	തടത്തിൽ തായൽ മാട്ടൂൽ- സെൻടൽ
ശ്രീമതി. സൂര്യ.ഇ	ഐ സി ഡി എസ് സൂപ്പർവൈസർ ഐ സി ഡി എസ് പ്രോജക്ട് ഓഫീസ് ,തലശ്ശേരി അഡീഷണൽ	വയലിൽ ഹൗസ് പടുവിലായി പാതിരിയാട് പി ഒ)

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	1
1999-2000	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	4
2000-01	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	5
2002-03	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	1
2003-04	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	2
2004-05	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	1
2008-09	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	1
2009-10,2010-11	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	2
2011-12,2012-13	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	2
2013-14,2014-15	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	2
2015-16	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	5
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി.7/788/ 2019 തീ. 18-7-19	9
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി.7/1727/ 2018 തീ. 29.11.2018	19
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി.7/ 1474/ 2020 തീ. 18.02.2020	6
2019-20	കെ.എസ്.എ/കെ.എൻ.ആർ/സി.7/ / 2021 തീ. .2021	

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പിണറായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3-1

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Pinarayi Grama Panchayat RECEIPT & PAYMENT STATEMENT			
For the period from 01-April-2020 to 31-March-2021			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	20713215.95
Cash	Cash	RP-40(a)	81433.00
	Operating		
110000000	Tax Revenue	RP-1	1543480.00
130000000	Rental income from Panchayat Properties	RP-3	718453.00
140000000	Fees & User Charges	RP-4	3115313.00
150000000	Sale & Hire Charges	RP-5	95845.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	54676832.00
171000000	Interest Earned	RP-9	548052.00
320000000	Grants, Funds & Contributions for Specific Purposes	RP-31	11018354.00
350000000	Other Liabilities	RP-36	494275.00
431000000	Sundry Debtors (Receivables)	RP-43	83390.00
	Non Operating		
311000000	Earmarked Funds	RP-29	5336.00
340000000	Deposits Received	RP-34	547908.00
350000000	Other Liabilities	RP-36	334083.00
431000000	Sundry Debtors (Receivables)	RP-43	4542439.00
460000000	Loans, Advances and Deposits	RP-47	12000.00
	Grand total		98530408.95
	PAYMENTS		
	Operating		
210000000	Establishment Expenses	RP-11	3269334.00
220000000	Administrative Expenses	RP-12	1055620.00
230000000	Operations & Maintenance	RP-13	1665148.00
250000000	Decentralised Plan Programme- Productive Sector	RP-15	5069643.00
251000000	Decentralised Plan Programme- Service Sector	RP-16	18824295.00
252000000	Decentralised Plan Programme- Infrastructure Sector	RP-17	901281.00
253000000	Decentralised Plan Programme- Projects not included in Sector Division	RP-18	508182.00
254000000	Expenditures of Transferred institutions and State Sponsored	RP-19	582000.00
	Schemes		
255000000	Maintenance Projects	RP-20	11091353.00

260000000	Grants, Contributions and Compensations from Own Fund	RP-22	1040000.00
280000000	Prior Period item	RP-26	-51808.00
320000000	Grants, Funds & Contributions for Specific Purposes	RP-31	12734.00
350000000	Other Liabilities	RP-36	4932906.00
	Non Operating		
240000000	Interest & Finance Charges	RP-14	3718.00
311000000	Earmarked Funds	RP-29	50000.00
340000000	Deposits Received	RP-34	20339.00
350000000	Other Liabilities	RP-36	2078969.00
410000000	Fixed Assets	RP-38	7444991.00
412000000	Capital work in Progress	RP-40	1041054.00
431000000	Sundry Debtors (Receivables)	RP-43	11077942.00
460000000	Loans, Advances and Deposits	RP-47	1476998.00
	Closing Balance		
Bank	Bank	RP-40(b)	26284786.95
Cash	Cash	RP-40(b)	150923.00
	Grand Total		98530408.95

അനുബന്ധം-3-2

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Pinarayi Grama Panchayat INCOME & EXPENDITURE STATEMENT			
For the period from 01-April-2020 to 31-March-2021			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	5939067.00
130000000	Rental Income from Panchayat / Municipal Properties	I-3	882982.00
140000000	Fee & User Charges	I-4(b)	3608313.00
150000000	Sale & Hire Charges	I-5(b)	95845.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	165878715.00
171000000	Interest Earned	I-8	548052.00
180000000	Other Income	I-9	1271.00
	Total Income		176954245.00
	EXPENDITURE		
210000000	Establishment Expenses	I-10(b)	11891788.00
220000000	Administrative Expenses	I-11(b)	1055620.00
230000000	Operations & Maintenance	I-12(b)	1665148.00
240000000	Interest & Finance Charges	I-13	3718.00
250000000	Decentralised Plan Programme-Productive	I-14	5069643.00

	Sector / Programme Expenses		
251000000	Decentralised Plan Programme-Service Sector	I-14(a)	46400643.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	901281.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(c)	508182.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(d)	80347500.00
255000000	Maintenance Projects	I-14(e)	11141046.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	1040000.00
272000000	Depreciation	I-17(a)	7805890.00
	Total Expenditure		167830459.00
	Gross Surplus/ Deficit of income over Expenditure		9123786.00
280000000	Prior Period Item	I-18	-1377701.00
	Gross Surplus/Deficit of Income over Expenditure after prior period items.		10501487.00
290000000	Transfer to Reserve Funds	I-18(a)	0.0

അനുബന്ധം-3-3

ബാലൻസ് ഷീറ്റ്

Pinarayi Grama Panchayat BALANCE SHEET			
For the period from 01-April-2020 to 31-March-2021			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	43738209.75
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	8509.00
312000000	Reserves	B-3	51703559.00
	Total Reserve & Surplus		95450277.75
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	8473259.00
	Total Grants, Contributions for Specific Purposes		8473259.00
	Loans		
330000000	Secured Loans	B-5	0.0
	Total Loans		0.0
	Current Liabilities & Provisions		
340000000	Deposits Received	B-7	701856.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	2616005.20
	Total Current Liabilities and Provisions		3317861.20

	TOTAL LIABILITIES		107241397.95
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	88728363.00
411000000	Accumulated Depreciation	B-11	-22022436.00
412000000	Capital Work in Progress	B-11(a)	770814.00
	Total Fixed Assets		67476741.00
	Investments		
420000000	Investments-General Fund	B-12	20000.00
	Total Investments		20000.00
	Current Assets, Loans and Advances		
431000000	Sundry Debtors (Receivables)	B-15	11077942.00
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	26435709.95
460000000	Loans, Advances and Deposits	B-18	2231005.00
	Total Current Assets, Loans and Advances		39744656.95
	Other Assets		
	Miscellaneous Expenditure (To the Extent not written off)		
	TOTAL ASSETS		107241397.95

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ